APRIL 2023
Volume 55
Issue 7

10 കേരളത്തിന്റെ സമഗ്രമായ പുതിയ വ്യവസായ – വാണിജ്യനയം

20 പ്രവാസി മലയാളികൾക്ക് ആശങ്കയില്ലാതെ സംരംഭം തുടങ്ങാൻ 10 നിർദ്ദേശങ്ങൾ

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

## VYAVASAYA KERALAM



# ലോകം സുസ്ഥിര ഉൽപ്പാദനത്തിലേക്ക്

# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
**വ്യവസായ കേരളം**

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158

Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
**വ്യവസായ കേരളം**
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ഉള്ളടക്കം

ഏപ്രിൽ 2023
April 2023

പുസ്തകം 55
Volume 55

ലക്കം 7
Issue 7

06 **വിഷുവും വിപണിയും**
എഴുമാവിൽ രവീന്ദ്രനാഥ്

10 **കേരളത്തിന്റെ സമഗ്രമായ പുതിയ വ്യവസായ– വാണിജ്യനയം**
ജി. കൃഷ്ണപിള്ള

16 **ലോകം സുസ്ഥിര ഉൽപ്പാദനത്തിലേക്ക്**
ലോറൻസ് മാത്യു

20 **പ്രവാസി മലയാളികൾക്ക് ആശങ്കയില്ലാതെ സംരംഭം തുടങ്ങാൻ 10 നിർദ്ദേശങ്ങൾ**
റ്റി. എസ്. ചന്ദ്രൻ

26 **കാർഷികവ്യവസായത്തിന് ഊന്നൽ നൽകി മൂല്യവർധിത കൃഷിമിഷൻ**
മനോജ് മാതിരപ്പള്ളി

32 **പാൽക്കായ നിർമ്മാണം**
ഡോ. ബൈജു നെടുങ്കേരി

34 **അവസരങ്ങളുടെ പെരുമഴ പെയ്ത് വിദ്യാർത്ഥി സംരംഭകത്വം**
ആഷിക്ക്. കെ പി

40 **സാമൂഹ്യ സംരംഭകത്വം**
പി. എസ്. സുരേഷ് കുമാർ

46 **ടറഫ് കളിയിടങ്ങളിലെ ന്യൂജെൻ സംരംഭകർ**
ഇന്ദു കെ പി

48 **ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണം വിജയക്കുതിപ്പുമായി ഭാരത് എഞ്ചിനീയറിംഗ്**











**വ്യവസായ കേരളം**

**ചീഫ് എഡിറ്റർ**
**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

പ്രതിനിധികൾ-
- **തിരുവനന്തപുരം** : കാഞ്ചന എം.
- **കൊല്ലം** : സജീവ്കുമാർ കെ.എ.
- **പത്തനംതിട്ട**: അനൂപ് ഷിനു കെ.
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : പ്രേംജിത്ത് പി.
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : അനിൽകുമാർ കെ.പി.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : ശ്രീരാജ് എം.
- **കോഴിക്കോട്** : നിധിൻ കെ.
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : അഷ്കർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സുചിത്ര ഭാസ്കർ,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഷൈജ വി.എം.,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.




## മുഖക്കുറിപ്പ്


**ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്**

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്


# സംരംഭക വർഷം 2.0

2022- 2023- ൽ നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതിയുടെ പ്രധാന ലക്ഷ്യം പുതിയ സംരംഭങ്ങളുടെ തുടക്കമായിരുന്നു. സംരംഭക വർഷം പദ്ധതി കാലയളവിൽ 1,39,840 പുതിയ സംരംഭങ്ങളും, 8,422 കോടി രൂപയുടെ വ്യവസായ നിക്ഷേപവും, 3 ലക്ഷത്തിലധികം പുതിയ തൊഴിലുകളും സൃഷ്ടിച്ചു. 45,099 വനിത സംരംഭങ്ങൾക്ക് തുടക്കം കുറിച്ചത് പദ്ധതിയുടെ റിക്കാർഡ് നേട്ടമാണ്. ആഗോളതലത്തിൽ തന്നെ സാങ്കേതിക വിദ്യയിലുണ്ടായ വൻമുന്നേറ്റം വ്യവസായ വിപ്ലവത്തിന്റെ 4-ാം പതിപ്പിന് തുടക്കം കുറിച്ചു. ആഗോളതലത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അനുസരിച്ചുള്ള വെല്ലുവിളികൾ ഏറ്റെടുക്കാൻ അനുയോജ്യമായ വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് സംരംഭക വർഷം പദ്ധതിയുടെ രണ്ടാം ഘട്ടം "സംരംഭക വർഷം 2.0" ന് 2023 വർഷം മുതൽ തുടക്കമിടുന്നത്. "സംരംഭക വർഷം 2.0" യിലൂടെ പുതിയ സംരംഭങ്ങൾക്ക് തുടർ സഹായം നൽകി ഗുണനിലവാരം വർദ്ധിപ്പിച്ച് അടുത്ത 4 വർഷം കൊണ്ട് ആകെ വിറ്റുവരവ് ഒരു ലക്ഷം കോടിയാക്കി ഉയർത്തുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് "മിഷൻ 1000" പദ്ധതി ആരംഭിക്കുന്നത്. സംരംഭകരെ നേരിട്ട് സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി അത് പ്രദാനം ചെയ്യുന്നതിനുള്ള കർമ്മ പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവരുടെ സംരംഭങ്ങളെ സബ്സിഡിയോടു കൂടിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകി ഉയർത്തുന്നതിനും "സംരംഭക വർഷം 2.0" ലക്ഷ്യമിടുന്നു. സംരംഭങ്ങളുടെ സാങ്കേതിക- തൊഴിൽ- വിപണനപരമായ ഉയർച്ചയാണ് സംരംഭങ്ങളുടെ വികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പുതിയ വ്യവസായ- വാണിജ്യ നയം വിഭാവനം ചെയ്യുന്ന 22 മുൻഗണനാ മേഖലകളിൽ വ്യവസായ വളർച്ച കൈവരിക്കുന്നതിനുള്ള പദ്ധതികളും ഇതിന്റെ ഭാഗമായി നടപ്പാക്കുന്നതാണ്.

സംരംഭക വർഷം പദ്ധതി കാലയളവിൽ നടപ്പിലാക്കിയ പൊതു ബോധവൽക്കരണ പരിപാടി സംരംഭകത്വ ബോധവൽക്കരണ പരിപാടി നിക്ഷേപക സംഗമം, സംരംഭകത്വ വികസന പരിശീലനം, ടെക്നോളജി ക്ലിനിക്കുകൾ വായ്പ- ലൈസൻസ്- സബ്സിഡി മേളകൾ രണ്ടാം ഘട്ട പദ്ധതിയിലും തുടരുന്നതാണ്. പുതിയ സംരംഭകർക്ക് നിലവിലുള്ള വിപണന സാധ്യതകൾ പരിചയപ്പെടുന്നതിന് "സംരംഭക വർഷം 2.0" ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സംരംഭക വർഷം പദ്ധതിയിൽ സ്ഥാപിക്കപ്പെട്ട സംരംഭങ്ങളുടെ ഉൽപന്നങ്ങളെ പരിചയപ്പെടുന്നതിനു വേണ്ടി ജില്ലാതലത്തിൽ വിപുലമായ രീതിയിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് വിപണന മേളകൾ സംഘടിപ്പിക്കുകയെന്നുള്ളതും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. പ്രാദേശിക സംരംഭങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളെ ആഗോള വിപണന ശൃംഖലകളുമായി (Global Marketing Network) ബന്ധപ്പെടുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിക്കുകയെന്നതാണ് ഇതിന്റെ പ്രധാനപ്പെട്ട ശ്രദ്ധാകേന്ദ്രം. "സംരംഭക വർഷം 2.0" ആഗോള മാറ്റങ്ങൾക്ക് അനുസരിച്ച് വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും സുസ്ഥിര വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തി കേരളത്തെ വ്യവസായ കുതിപ്പിലേക്ക് നയിക്കുന്നതിനും പ്രാപ്തമാകുമെന്നുള്ള ശുഭപ്രതീക്ഷയുണ്ട്. ■

ഒപ്പ്
**ചീഫ് എഡിറ്റർ**

നവകേരളം

# മിഷൻ 1000



ശ്രീ. പി. രാജീവ്

വ്യവസായം, വാണിജ്യം, നിയമം, കയർ വകുപ്പ് മന്ത്രി

**സംസ്ഥാനത്തെ** എം.എസ്.എം. ഇ കളിൽ 1000 സംരംഭങ്ങൾ തെരഞ്ഞെടുത്ത് നൂറ് കോടി വിറ്റുവരവുള്ള സംരംഭങ്ങളാക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതിക്ക് തുടക്കമായിരിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയനാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്.

ഒരു വർഷത്തിനുള്ളിൽ 1.39 ലക്ഷം സംരംഭങ്ങൾ ആരംഭിച്ച് പുതിയ ചരിത്രം സൃഷ്ടിച്ച സംരംഭക വർഷം പദ്ധതിയുടെ തുടർച്ചയായാണ് 'മിഷൻ1000' പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. വീണ്ടും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിട്ടുള്ള സംരംഭക വർഷം 2.0 ഉൾപ്പെടെ നാല് പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്.

തെരഞ്ഞെടുത്ത 1000 എം എസ് എം ഇകളെ 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളായി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതിയാണ് 'എം എസ് എം ഇ സ്കെയിൽ അപ്പ് മിഷൻ – മിഷൻ 1000'. നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകളുള്ള എം എസ് എം ഇകളെ സുതാര്യമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ സ്കെയിൽ അപ്പ് സ്കീമിനായി തെരഞ്ഞെടുക്കും. സ്കെയിൽ അപ്പ് മിഷൻ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് സർക്കാർ പിന്തുണ നൽകും. മൂലധന നിക്ഷേപ സബ്സിഡി, പ്രവർത്തന മൂലധന വായ്പയുടെ പലിശ സബ്സിഡി, ടെക്നോളജി നവീകരണത്തിന് സഹായം, ഗുണനിലവാര സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സഹായം തുടങ്ങിയവ ഉറപ്പു വരുത്തും. വ്യവസായവകുപ്പിന്റെ എല്ലാ പദ്ധതികളിലും ഈ യൂണിറ്റുകൾക്ക് മുൻഗണനയും നൽകും.

2023–24 സാമ്പത്തിക വർഷത്തിലും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് സംരംഭക വർഷം 2.0 ബോട്ടം–അപ്പ് പ്ലാനിങ്ങിലൂടെയായിരിക്കും ഇത്തവണ ജില്ല തിരിച്ച് സംരംഭങ്ങളുടെ എണ്ണം നിശ്ചയിക്കുക. ഏപ്രിൽ മുതൽ ജൂൺ വരെ പൊതുബോധവൽക്കരണവും തുടർന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പാ–ലൈസൻസ്–സബ്സിഡി മേളകളും സംഘടിപ്പിക്കും. മെന്ററിങ്ങ് സിസ്റ്റത്തിൽ എല്ലാ എം എസ് എം ഇകളെയും രജിസ്റ്റർ ചെയ്ത് ആവശ്യമായ നിർദേശങ്ങൾ ലഭ്യമാക്കും. നെറ്റ്വർക്കിങ്ങ് പോർട്ടലും പുതിയ പദ്ധതിയുടെ ഭാഗമായി ആരംഭിക്കും.

കഴിഞ്ഞ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 1,39,840 സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പ് വരുത്തുന്നതിനായി ആരംഭിക്കുന്ന പദ്ധതിയാണ് എം എസ് എം ഇ സുസ്ഥിരതാ പദ്ധതി. എം എസ് എം ഇകളുടെ അടച്ചുപൂട്ടൽ നിരക്ക് കുറക്കുന്നതിനും പുതിയ എം എസ് എം ഇകളുടെ വിറ്റുവരവിൽ 5% വളർച്ചാ നിരക്ക് ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി എം എസ് എം ഇ പെർഫോമൻസ് മോണിറ്ററിങ്ങിനായി ഓട്ടോമേറ്റഡ് സിസ്റ്റം കൊണ്ടുവരുന്നതിനൊപ്പം എം എസ് എം ഇകൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനതല നെറ്റ്വർക്കിങ്ങ് ക്ലസ്റ്ററും സൃഷ്ടിക്കും. പ്രത്യേക ഇൻസന്റീവുകളും ഈ പദ്ധതിയിലൂടെ എം എസ് എം ഇകൾക്ക് ലഭ്യമാക്കും.

നിലവിൽ പ്രവർത്തിക്കുന്ന എം എസ് എം ഇ സംരംഭങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസയവകുപ്പ് പ്രത്യേക യുട്യൂബ് ചാനൽ വികസിപ്പിച്ചിട്ടുണ്ട്. ഈ ചാനലിലൂടെ സംരംഭകരുടെ ഉൽപന്നങ്ങളെയും സേവനങ്ങളെയും പരിചയപ്പെടുത്തുന്ന സെൽഫീ വീഡിയോകൾ ജനങ്ങളിലെത്തിക്കും. ചാനലിന്റെ പ്രമോഷൻ വ്യവസായവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുകയും അതുവഴി സംരംഭകരുടെ വിപണനം പ്രോത്സാഹിപ്പിക്കുകയും ചെയ്യാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

എം എസ് എം ഇ വിഭാഗത്തിൽ ഒരു സാമ്പത്തികവർഷക്കാലയളവിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം, സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ എണ്ണം, ഉണ്ടായ നിക്ഷേപം എന്നീ മൂന്ന് വിഭാഗങ്ങളിലും ചരിത്രം സൃഷ്ടിച്ചാണ് സംരംഭക വർഷം ഒന്നാം ഘട്ടം അവസാനിച്ചത്. 1,39,840 സംരംഭങ്ങളും 3,00,056 തൊഴിലും 8422 കോടി രൂപയുടെ നിക്ഷേപവും പദ്ധതിയുടെ ഭാഗമായി കേരളത്തിലുണ്ടായി. ഈ പദ്ധതി സംരംഭക ലോകത്ത് സൃഷ്ടിച്ച ആവേശം മുന്നോട്ടുപോകാനുള്ള പദ്ധതിയാണ് സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുള്ളത്. സംരംഭക കേരളത്തിന്റെ നിർലോഭ പിന്തുണ ഈ പദ്ധതികൾക്ക് ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. ■



# വിഷുവും വിപണിയും

**എഴുമാവിൽ രവീന്ദ്രനാഥ്**

**കാർഷിക** കേരളത്തിന്റെ തനതുത്സവങ്ങളിലൊന്നായ വിഷു സമാഗതമായി.

വിഷുവിന്റെ വരവറിയിച്ചുകൊണ്ട് ആദ്യമേ രണ്ടുപേരെത്തും. കുംഭപ്പാതിയിൽ മൊട്ടിട്ട് മീനപ്പാതിയോടെ പൂവിട്ട് മേടപ്പാതിയോടെ മറയുന്ന കണിക്കൊന്നപ്പൂക്കൾ (കാഷ്യാ ഫിസ്റ്റുല) ആണിതിൽ ഒന്ന്. തായ്‌ലന്റിന്റെ ദേശീയ പുഷ്പവും നമ്മുടെ സംസ്ഥാന പുഷ്പവുമായ കണിക്കൊന്നപ്പൂക്കൾ തായ്‌വാൻ സർവകലാശാലയുടെ ഭാഗ്യമുദ്ര കൂടിയാണ്. ലാവോസിന്റെ നവവത്സരാഘോഷങ്ങളിലെ പ്രധാന പുഷ്പാലങ്കാരം കണിക്കൊന്നപ്പൂക്കൾ കൊണ്ടുതന്നെയാണ്. ഗോൾഡൻ ഷവർ എന്ന് ഇതിനു പേരിട്ട ഇംഗ്ലീഷുകാരന്റെ ഭാവനാവിലാസത്തെ നമിയ്ക്കാതെവയ്യ. മണ്ണിനെ വരട്ടിപ്പൊരിയ്ക്കുന്ന മീനച്ചൂടിലും തീക്കാറ്റിലും ഒട്ടും വാടാതെയും വരളാതെയും നൃത്തമാടി നിൽക്കുന്ന ഈ പൂക്കൾ ഓരോ സംരംഭകനോടും പറയുന്നതെന്താണ്? പ്രതിബന്ധങ്ങളെ പ്രചോദനമാക്കൂ.....

മറ്റൊന്നാണ് ഏതോ കാണാമറയത്തിരുന്ന് കൊണ്ട് ഗ്രാമീണജനതയെ ആവേശ ഭരിതരാക്കുന്ന വിഷുപ്പക്ഷി എന്ന കതിരുകാണാക്കിളി. വിളവെടുപ്പുകഴിഞ്ഞ് മണ്ണൊരുക്കവും നടത്തി കന്നിമഴയ്ക്കായി കാതോർത്ത് വിശ്രമിയ്ക്കുന്ന കർഷകരോട് വിത്തും കൈക്കോട്ടും വെക്കം കൈയ്യേന്തൂ എന്നും, കത്തും വെയിൽ പോകും, എത്തും മഴയിപ്പോൾ, കട്ടയുടച്ചിട്ടോ, മുറ്റമടിച്ചിട്ടോ, വിത്തു തിരിച്ചിട്ടോ, ഒത്തു പിടിച്ചോളൂ എന്നും കിളി ആഹ്വാനം ചെയ്യുന്നു. പണ്ടുകാലത്ത് കൃഷിയായിരുന്നു

മുഖ്യ വരുമാനമാർഗ്ഗം. പിന്നെയുള്ളത് കച്ചവടം, കൈത്തൊഴിൽ എന്നിവ. അതല്ലാതെയുള്ള ഉൽ പാദന പ്രക്രിയകളൊന്നും നാടിനും വശമില്ലായിരുന്നു. അതുകൊണ്ടാവാം വിഷുക്കിളിപ്പാട്ടിന് കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഭാഷാഭേദങ്ങൾ ഉണ്ടായത്.

പഴയ കാല സംരംഭങ്ങൾ എന്തായിരുന്നു? എണ്ണയാട്ട്, പായ പനമ്പ്, കുട്ട, വട്ടി, മുറം നിർമാണം, കരകൗശല വിദ്യകൾ, കയർ പിരിയ്ക്കൽ, പാത്രങ്ങൾ (മണ്ണും ഓടും), ആഭരണ നിർമാണം, വസ്ത്രം നെയ്ത്ത് തുടങ്ങിയ പരിമിതമായ റേഞ്ചിലായിരുന്നു നമ്മുടെ ഉൽപാദന മേഖല എന്നു പറയാം. ഉപ



ഭോക്താക്കളും നന്നേ കുറവ്. ഭക്ഷ്യോൽപന്ന മേഖല വികസിച്ചിട്ടേയില്ല. അവനവനു വേണ്ടതെല്ലാം വീടുകളിൽ ഉണ്ടാക്കുന്ന രീതിയായിരുന്നു. പിന്നെ, വിപണിയും അന്ന് പരിമിതമായിരുന്നല്ലോ. ഓണം, വിഷു തുടങ്ങിയ ആരാധനാലയങ്ങളിലെ വാർഷികോത്സവങ്ങൾ വരെയുള്ള ആഘോഷങ്ങൾക്കെത്തുന്ന ആൾക്കൂട്ടങ്ങൾക്കു മുമ്പിൽ പ്രദർശനവും വിൽപനയിലും ഒതുങ്ങുന്നതായിരുന്നു അക്കാലത്തെ ബിസിനസ്.

വിഷുവെത്തും മുമ്പേ ഇതുമായി ബന്ധപ്പെട്ട വിപണിയുണരും. മരപ്പണിക്കാരും ലോഹപ്പണിക്കാരുമൊക്കെ സജീവമാകും. കൃഷിയ്ക്കു വേണ്ട കൈക്കോട്ടുകൾ, മൺവെട്ടികൾ മുതൽ മഴുവും കത്തിയും വരെ നിർമിച്ച് പ്രദർശനത്തിനെത്തിയ്ക്കുകയോ (മുഖ്യമായും അങ്ങാടികളിൽ) തലച്ചുമടുമായി കൊണ്ടു നടന്നു വിൽക്കുകയോ ആണ് പതിവ്. കണിയൊരുക്കുന്നതിനുള്ള ഓട്ടുരുളി, വാൽക്കണ്ണാടി, വാൽക്കിണ്ടി, നിലവിളക്കുകൾ, ഓട്ടുതളികകൾ എന്നിവയുടെ നിർമാണവും പൊടിപൊടിയ്ക്കും. കളിമണ്ണിൽ തീർത്ത് ചായം പൂശുന്ന വിഗ്രഹങ്ങളും ഇക്കാലത്ത് ഡിമാന്റുള്ളവയാണ്. ഓണക്കോടി പോലെ വിഷുക്കോടി അത്ര പ്രചാരമില്ല. എന്നാൽ കസവിൽ തീർത്ത വിഷുക്കുറിമുണ്ട് കുട്ടികൾക്കായി വാങ്ങുന്ന പതിവുണ്ടായിരുന്നു.

പിന്നീടുള്ളതു കാർഷിക വിപണിയാണ്. മുമ്പേ ഒരുക്കിയിട്ടുള്ള നിലങ്ങളിലും പറമ്പുകളിലും വിഷുച്ചാല് കീറി വിഷുവിത നടത്തുന്നത് ഒരു കാർഷികാചാരം തന്നെയായിരുന്നു. അന്നു തുടക്കമിടുമെന്നു മാത്രം. വ്യാപകമായ വിളയിറക്കൽ വിഷുപ്പത്ത് എന്ന പത്താമുദയത്തിനാണ്. വിത്തുകളൊക്കെ കർഷകരുടെ നിലവറകളിലുണ്ടാവും. ഓരോന്നും ഓരോ ഇടത്തായിരിയ്ക്കും സമൃദ്ധമായുള്ളത്. ഇവ കർഷകർ പരസ്പരം കൈമാറുന്നത് വിഷുവിപണിയിൽ വെച്ചാണ്. ഉദാഹരണമായി ഇന്ത്യയിൽ 40,000 ഇനങ്ങളിൽപ്പെട്ട നെൽവിത്തുകളുണ്ടായിരുന്നുവെന്നും ഇന്നവയിൽ 20,000 തരം നിലവിലുണ്ടെന്നും കാർഷിക ശാസ്ത്രജ്ഞർ പറയുന്നു. എന്നാൽ നൂറിലേറെ ഇനങ്ങളാണ് കേരളം പരിപാലിച്ചു പോന്നതെന്ന് പത്മശ്രീ ജേതാവും ആദിവാസി കർഷക പ്രമുഖനു

പഴയ കാല സംരംഭങ്ങൾ എന്തായിരുന്നു? എണ്ണയാട്ട്, പായ പനമ്പ്, കുട്ട, വട്ടി, മുറം നിർമാണം, കരകൗശല വിദ്യകൾ, കയർ പിരിയ്ക്കൽ, പാത്രങ്ങൾ (മണ്ണും ഓടും), ആഭരണ നിർമാണം, വസ്ത്രം നെയ്ത്ത് തുടങ്ങിയ പരിമിതമായ റേഞ്ചിലായിരുന്നു നമ്മുടെ ഉൽപാദന മേഖല എന്നു പറയാം. ഉപഭോക്താക്കളും നന്നേ കുറവ്. ഭക്ഷ്യോൽപന്ന മേഖല വികസിച്ചിട്ടേയില്ല.

മായ ചെറുവയൽ രാമൻ പറയുന്നു. ഓരോ പ്രദേശങ്ങളിലെയും വിത്തുകൾ, അവ നെല്ലു മാത്രമല്ല വാഴയും, ചേനയും ചേമ്പും, കാച്ചിലും, തെങ്ങും മരച്ചീനിയുമൊക്കെ സാർവത്രികമാക്കുവാനുള്ള വിശാലമനസ്സ് പഴയ തലമുറയ്ക്കുണ്ടായിരുന്നു. അതാണ് നമ്മുടെ നാടിനെ ഹരിതാഭമാക്കി നില നിർത്തിയത്.

അക്കാലത്ത് ഷോപ്പിങ്ങ് മാളുകളോ ഓൺലൈൻ പർച്ചേസോ നിലവിലുണ്ടായിരുന്നില്ല. ഉത്സവ സീസണുകളിലെത്തുന്ന മറുനാടൻ കച്ചവടക്കാരിൽ നിന്നും ആവശ്യമായതൊക്കെ വാങ്ങിവെയ്ക്കു കയായിരുന്നു വഴക്കം. ടാൽക്കം പൗഡറും, ടോയ്‌ലറ്റ് സോപ്പും, പെർഫ്യൂമും മറ്റ് കോസ്മെറ്റിക്സും എല്ലാം 'ചിന്തിക്കടകൾ' എന്നു പേരായ സീസണൽ ഷോപ്പുകളിൽ മാത്രമേ ലഭ്യമാകൂ. ആദ്യം ഇവയൊക്കെ ഇവിടെ വിപണനത്തിനെത്തിച്ച സിന്ധികളിൽ നിന്നാണത്രേ ചിന്തിക്കട എന്ന പേ രുണ്ടായത്. വൈദ്യുതി എത്തും മുമ്പ് ഓടലെണ്ണ, വേപ്പെണ്ണ, എള്ളെണ്ണ, മരോട്ടിയെണ്ണ തുടങ്ങിയവ ചേർത്തു തയ്യാറാക്കുന്ന തൈലായിരുന്നു ഉത്സവങ്ങൾക്കും മറ്റും ദീപക്കാഴ്ചയൊരുക്കാൻ ഉപ യോഗിച്ചിരുന്നത്. പിന്നാലെ ഗ്യാസ് ലൈറ്റും (പെ ട്രോമാക്സ്), മണ്ണെണ്ണ വിളക്കുകളുമൊക്കെ നിലവിൽ വന്നു. ഉച്ചഭാഷിണികൾ എത്തിയത് ഉത്സവങ്ങൾക്കു കൊഴുപ്പേകി. വൈദ്യുത ദീപാലങ്കാരം അന്നും പരിമിതമായിരുന്നുവെങ്കിലും രാവുകളെ പ്രഭാ പൂരിതമാക്കാൻ അവ പര്യാപ്തമായി. അക്കാലത്ത് ഉച്ചഭാഷിണികൾ ഗ്രാമങ്ങളിലെത്തുന്നത് ഉത്സവ സീസണുകളിൽ മാത്രം. ഏറ്റവും വലിയ ആഡംബ രമായി അതിനെ കരുതുകയും ചെയ്തിരുന്നു.

ഇന്ന് വിഷു ആഘോഷങ്ങൾ ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞു. ആധുനിക സാങ്കേതിക വിദ്യകൾ വിഷുവെത്തും മുമ്പേ കണ്ണുകൾക്കും കാതുകൾക്കും കുളിർ പകരുന്നു. വ്യാപാരികളും വ്യവസായികളും വിപണന തന്ത്രങ്ങളുമായി രംഗം കൊഴുപ്പിയ്ക്കുന്നു. സൂപ്പർ മാർക്കറ്റുകളിൽ വരെ വിഷുത്തലേന്ന് വിഷുക്കിറ്റുകൾ ലഭ്യമാകുന്നു. കൊന്നപ്പൂവ്, കണിനെ ല്ല്, കണി വെള്ളരി, മാമ്പഴം, ഇളം ചക്ക എന്നിവയുള്ള റുട്ടീൻ കിറ്റും, പുതുതായി കണിയൊരുക്കുന്നവർക്കുള്ള ഉരുളി, വാൽക്കണ്ണാടി, കുങ്കുമച്ചെപ്പ്, ഓട്ടുകിണ്ടി, വെള്ളികെട്ടിയ വലംപിരിശംഖ്, കസവു പുടവ എന്നിവയടങ്ങിയ ഫുൾകിറ്റും ഇന്നു വിപണിയിൽ സുലഭം. ഏതായാലും ഇവയ്ക്കെല്ലാം ഉപ ഭോക്താക്കൾ ഏറെയാണ്. വഴിവക്കിൽ കണിപ്പൂവും, ചക്കയും മാങ്ങയും അടങ്ങിയ കിറ്റ് 25 രൂപയ്ക്കു കിട്ടുമ്പോൾ സൂപ്പർ മാർക്കറ്റ് ഇതിന് ഇരട്ടിയിലേറെ വില ഈടാക്കുന്നുവെന്നതൊരു സത്യം. ഇതോടൊപ്പം മറുനാട്ടുകാർ സീസൺ മുതലാക്കാൻ പ്ലാസ്റ്റർ ഓഫ് പാരീസിൽ തീർത്ത വിഗ്രഹങ്ങളുമായി തെരുവോര ങ്ങളിലെത്തുന്നതും എടുത്തു പറയേണ്ടതാണ്. ഉപ ഭോഗത്തിലും ഉത്സവങ്ങളിലും ഹരം ഏറെയുള്ള മലയാളികൾ ആരെയും നിരാശരാക്കുന്നില്ല. എല്ലാവരുടെയും മനം നിറയട്ടെ. വിഷു സമ്പദ് സമൃദ്ധമാകട്ടെ. ■




DUSTAN WOOD
Manufacturers of HIGH QUALITY PLYWOOD
(ISI & ISO CERTIFIED COMPANY)
S. Puram P.O., Kurichy, Kottayam, Kerala, India, Pin :686 532
Email : dustanwood@hotmail.com, IE Code - 1004006365
Phone : 481 2321487, Fax : 481 2322896
Mob : 9447051268, 9447053468

കവർസ്റ്റോറി



# കേരളത്തിന്റെ സമഗ്രമായ പുതിയ വ്യവസായ– വാണിജ്യനയം



**ജി. കൃഷ്ണപിള്ള**

**കേരളത്തിന്റെ** പുതിയ കരട് വ്യവസായ- വാണിജ്യ നയം 2022-ൽ പ്രഖ്യാപിച്ചു. 2018- ലെ വ്യവസായ നയത്തിനുശേഷം 4 വർഷം പിന്നിടുമ്പോഴാണ് പുതിയ നയം പ്രഖ്യാപിച്ചത്. പുതിയ ഗസറ്റ് വിജ്ഞാപനം വരുന്നതോടു കൂടി പുതിയ നയം 2023 ഏപ്രിൽ മുതൽ പ്രാബല്യത്തിലാകും. 2018- ലെ വ്യവസായ നയം 360 ഡിഗ്രി സമീപനത്തോട് കൂടിയുള്ളതായിരുന്നു. ഈ സമീപനത്തിന്റെ ഭാഗമായി സംരംഭങ്ങൾ എളുപ്പത്തിൽ ആരംഭിക്കുന്നതിന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്, വ്യവസായ സംബന്ധമായ നിയമങ്ങളുടെ ലഘൂകരണം, സംരംഭകത്വ പ്രോത്സാഹനം, എം. എസ്. എം. ഇ കൾക്ക് പ്രോത്സാഹനം, പാരിസ്ഥിതിക വ്യവസായ സൗഹൃദ വികസനം, സാങ്കേതികവിദ്യ സ്വീകരിക്കൽ എന്നിവയായിരുന്നു വിഭാവന ചെയ്തിരുന്നത്. അതിവേഗം വളർന്നുകൊണ്ടിരിയ്ക്കുന്ന സാങ്കേതിക വിദ്യയുടെ സമന്വയത്തോടു കൂടി ലോകം വ്യവസായ വിപ്ലവത്തിന്റെ 4-ാം പതിപ്പിലേയ്ക്ക് ചലിച്ചുകൊണ്ടിരിക്കുകയാണ്.

കേരളം സാമൂഹ്യ വികസന സൂചകങ്ങളിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനത്തേക്കാൾ മുന്നിലാണ്. ഉയർന്ന വിദ്യാഭ്യാസ നിലവാരം, ആരോഗ്യം, ജീവിത ഗുണമേന്മ കേരളത്തെ ഉയർന്ന സാമ്പത്തിക പുരോഗതി നേടുന്നതിന് പ്രപ്തമാക്കുന്നു. ഐക്യകേരളം നിലവിൽ വരുന്നതിന് മുമ്പ് തന്നെ കേരളത്തിൽ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു. സേവന മേഖലകൾ ഉൾപെടെയുള്ള ചില പ്രത്യേക മേഖലകളിൽ വ്യവസായ നിക്ഷേപം നടത്തുന്നതിലേയ്ക്കുള്ള മാറ്റങ്ങൾ ദൃശ്യമായിരുന്നു. ഗതാഗതം, ഐ. ടി, ആരോഗ്യം ഫിനാൻസ്, ടൂറിസം, റിയൽ എസ്റ്റേറ്റ്, ഭവന നിർമാണം മുതലായ മേഖലകളിൽ നിക്ഷേപം വളരെ വലിയതോതിൽ ഉയർന്നു.

## പുതിയ നയത്തിന്റെ ലക്ഷ്യങ്ങൾ

നിക്ഷേപവും നൂതനാശയങ്ങളുള്ള സുസ്ഥിരമായ ഒരു വ്യവസായ ആവാസ വ്യവസ്ഥ പരിപോഷിപ്പിക്കുകയെന്നുള്ളതാണ് പുതിയ വ്യവസായവാണിജ്യനയത്തിന്റെ ലക്ഷ്യം




## പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ

1. കേരളത്തിന് അനുയോജ്യമായ സംരംഭകത്വ ആവാസ വ്യവസ്ഥ സൃഷ്ടിക്കുക.
2. ഇന്ത്യയിലെ പ്രധാനപ്പെട്ട സ്റ്റാർട്ടപ്പ്സ് ഇടമായി കേരളത്തെ മാറ്റുക.
3. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള യുവജനങ്ങളിലും വനിതകളിലും സംരംഭകത്വ അഭിരുചി വളർത്തുക.
4. ഭാവിയിൽ സാധ്യതയുള്ള വ്യവസായങ്ങൾക്കു വേണ്ടി നൂതനമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.
5. വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി പരമാവധി സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.
6. കയറ്റുമതി വളർച്ച വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലോജിസ്റ്റിക്സ് സൗകര്യങ്ങൾ ശക്തിപ്പെടുത്തുക.
7. വ്യവസായ വിപ്ലവത്തിന്റെ 4-ാം പതിപ്പ് സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഒരു വ്യവസായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുക.
8. പുതിയ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉൽപാദന രീതികൾ പരമ്പരാഗത മേഖലയിൽ കൊണ്ടുവരിക.
9. ഓൺലൈൻ വിപണി സംവിധാനങ്ങൾ വളരെ വേഗത്തിൽ ലഭ്യമാക്കുക.
10. വ്യവസായങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുകയും അതോടൊപ്പം നല്ല ജോലി ലഭിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
11. ഉദിച്ചുയരുന്ന വ്യവസായ മേഖലകളിൽ നിന്നും വ്യവസായികളെ ആകർഷിക്കുക.
12. വിനോദം, ജോലി, പ്രവൃത്തി എന്നിവയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുക.
13. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അതിർത്തികളില്ലാത്ത സാഹചര്യം സൃഷ്ടിക്കുക.
14. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് കേരള ബ്രാൻഡ് സൃഷ്ടിക്കുക.
15. കേരളത്തിലെ ഉൽപാദന മേഖലയിലെ കഴിവുകൾ വർദ്ധിപ്പിക്കുകയും ആഗോള ഗുണനിലവാരത്തിലുള്ള ഉൽപന്നങ്ങളും സേവനങ്ങളും വൈദഗ്ദ്ധ്യവുമുള്ള മാനവശേഷിയും വർദ്ധിപ്പിക്കുക.
16. ഉത്തരവാദിത്വ നിക്ഷേപവും സുസ്ഥിര വികസനവും പുതിയ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ്.

മുകളിൽ പ്രതിപാദിച്ച ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി 7 പ്രധാന കാര്യങ്ങൾക്ക് ഈ നയത്തിൽ പ്രാമുഖ്യം നൽകുന്നു.

1. സംരംഭകത്വം വളർത്തുക.
2. അടിസ്ഥാന സൗകര്യങ്ങൾ സാധ്യമാക്കുക.
3. ഉയർന്ന സാങ്കേതികവിദ്യ
4. അനുയോജ്യമായ തൊഴിൽ നേടുന്നതിനുവേണ്ടി തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുക.
5. നല്ല ബിസിനസ് സാഹചര്യങ്ങൾ സൃഷ്ടിക്കുക.

| ഇനങ്ങൾ | നിർവചനം |
|---|---|
| എം.എസ്.എം.ഇ (MSME) | പ്ലാന്റ് & മെഷിനറി നിക്ഷേപം 50 കോടി രൂപ വരെ. |
| | വാർഷിക വിൽപന 250 കോടി രൂപ വരെ |
| വൻകിട | പ്ലാന്റ് & മെഷിനറി നിക്ഷേപം 50 കോടി മുതൽ 300 കോടി വരെ |
| മെഗ | പ്ലാന്റ് & മെഷിനറി നിക്ഷേപം 300 കോടി രൂപയ്ക്ക് മുകളിൽ |

6. ആഗോള തലത്തിൽ അംഗീകാരം നേടുന്നതിനുള്ള കേരള ബ്രാൻഡ് ഇക്വിറ്റി ഉയർത്തിക്കൊണ്ടു വരുക.
7. ഓരോ മേഖലകളിലും സാധ്യതയുള്ള സംരംഭങ്ങൾ വികസിപ്പിക്കുന്നതിന് സെക്ടറൽ ആവാസ വ്യവസ്ഥ സൃഷ്ടിക്കുക.

**പുതിയ നയത്തിൽ ഊന്നൽ നൽകുന്ന ഉദയ വ്യവസായ മേഖലകൾ (Sunrise Industries Sector)**

1. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്
2. ആയുർവേദം
3. ബയോ ടെക്നോളജി & ലൈഫ് സയൻസ്
4. ഡിസൈൻ
5. ഇലക്ട്രിക് വാഹനങ്ങൾ
6. എഞ്ചിനീയറിംഗ്
7. ഫുഡ് ടെക്നോളജി
8. ഗ്രാഫൈൻ
9. ഹൈ– ടെക് ഫാമിങ്ങ്
10. ഇ.എസ്.ഡി.എം
11. ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപന്നങ്ങൾ
12. ലൊജസ്റ്റിക് (Logistic)
13.. മാരിടൈം ക്ലസ്റ്റർ
14. മെഡിക്കൽ ഇക്യുപ്മെന്റ്
15. നാനോ ടെക്നോളജി
16. പുന:നിർമിക്കാവുന്ന ഊർജ്ജം
17. റീട്ടെയിൽ
18. റോബോട്ടിക്സ് (Robotics)
19. സ്പേസ് (Space)
20. ഹോസ്പിറ്റാലിറ്റി ടൂറിസം (Hospitality)
21. ത്രീ– ഡി. പ്രിന്റിങ്ങ്

മുകളിൽ പ്രഖ്യാപിച്ച 21 മേഖലകളിലുമുള്ള ഉദയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമ പരിപാടികൾ പുതിയ വ്യവസായ നയത്തിലുണ്ട്.

## സംരംഭങ്ങളുടെ തരംതിരിവ്

പുതിയതും നിലവിലുള്ള സംരംഭങ്ങൾക്കും ഈ നയം ബാധകമാണ്. ഈ നയത്തിന്റെ പരിധിയിൽ വരുന്ന സംരംഭങ്ങൾക്ക് അവയുടെ മൊത്തം



| | | |
|---|---|---|
| 1. | വൈദ്യുതി ഡ്യൂട്ടി | 5 വർഷത്തേയ്ക്ക് 100% ഇളവ് |
| 2. | ഫിനാൻസ് ലഭ്യതയ്ക്കുള്ള പിന്തുണ | പുതിയവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയെ വികസിപ്പിക്കുന്നതിനും സ്റ്റോക്ക് എക്സ്ചേഞ്ചുകൾ (NSE & BSE) മുഖേന ഫണ്ടുകൾ നേടുന്നതിനും വേണ്ടി നടത്തുന്ന പബ്ലിക് ഇഷ്യുവിനു വേണ്ടി വരുന്ന ചെലവിന്റെ 50% പരമാവധി 1 കോടി |
| 3. | പലിശ സബ്സിഡി | 2% ടേം ലോൺ പലിശയിൽ ഇളവ് |
| 4. | അന്തർദേശീയ വ്യാപാര മേളയിൽ പങ്കെടുക്കുന്ന കയറ്റുമതിക്കാർ | ഒരു വർഷം ഒരു പ്രാവശ്യം സ്റ്റാൾ ചാർജ്ജിന്റെ 100% പരമാവധി 5 ലക്ഷം രൂപ വരെ |
| 5. | ഐ. പി. ക്രിയേഷൻ | പേറ്റന്റ്, കോപ്പിറൈറ്റ്, ട്രേഡ്മാർക്ക്, ജി. ഐ. ക്കും വരുന്ന രജിസ്ട്രേഷൻ ചെലവിന്റെ 50% പരമാവധി 30 ലക്ഷം |
| 6. | ഗുണനിലവാര സർട്ടിഫിക്കേഷൻ | ബി. ഐ. എസ്., ഐ. എസ്. ഒ, എഫ്. ഡി. എ ചെലവിന്റെ 50% പരമാവധി 25 ലക്ഷം |
| 7. | ഉത്തരവാദിത്വ വ്യവസായ വത്കരണവും സുസ്ഥിരതയും | 25% ഇ. റ്റി. പി. മഴവെള്ളം, വേസ്റ്റ് മാനേജ്മെന്റ് എന്നിവയുടെ പ്ലാന്റ് & മെഷിനറി മാത്രം പരാമവധി 25 ലക്ഷം |
| 8. | ഉൽപാദന പ്രക്രിയയിൽ IR 4.0 നടപ്പാക്കുന്നതിന് | 20% പരമാവധി 25 ലക്ഷം വരെ |

നിക്ഷേപത്തിന്റെയും വിണനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നത്.

## സംരംഭകത്വ പിന്തുണയും സംരംഭകത്വ ഫണ്ടിങ്ങും

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംരംഭകത്വ പിന്തുണ, ഫണ്ടിങ്ങ് പദ്ധതികൾ പുതിയ നയം വ്യവസ്ഥ ചെയ്യുന്നു. പുതിയ തൊഴിലവസരങ്ങൾ, നിക്ഷേപം എന്നിവ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംരംഭകത്വ പ്രോത്സാഹനം അനിവാര്യമാണ്. ഇൻകുബേഷൻ കേന്ദ്രങ്ങൾ, വായ്പ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപക സഹായ കേന്ദ്രങ്ങൾ എന്നീ പ്രവർത്തനങ്ങൾ സംരംഭകത്വ പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യവസായ വകുപ്പ് നടത്തിവരുകയാണ്. പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും സംരംഭകത്വ സംസ്കാരം വളർത്തുന്നതിനും സാധ്യമാകുന്ന തരത്തിലുള്ള ആവാസ വ്യവസ്ഥയും (Eco system) പിന്തുണയും ആവശ്യമാണ്.

ശക്തമായ ഒരു വ്യവസായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിന് സംരംഭകത്വ ഫണ്ടിങ്ങ് പിന്തുണ പദ്ധതി ആവശ്യമാണ്. നിലവിലുള്ള സംരംഭകത്വ ഫണ്ടിങ്ങ് പദ്ധതി, കെ. എസ്. ഐ. ഡി. സി സീഡ് ക്യാപ്പിറ്റൽ ഫണ്ട് പ്രോഗ്രാം എന്നിവയെ ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് മാത്രം നിലനിർത്താതെ മറ്റ് ഇനം മേഖലകളായ കൃഷി, ഭക്ഷ്യം, സംരംഭം, ആരോഗ്യം, ടൂറിസം മുതലായ മേഖലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുതിയ നയം പരാമർശിക്കുന്നു. മുകളിൽ പരാമർശിച്ച മേഖലകളിൽ കൂടി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതോടുകൂടി കേരളം ഇന്ത്യയിലെ ഒരു സ്റ്റാർട്ടപ്പ് ഇടമായി മാറുന്നതാണ്.

## ഇൻസന്റീവ്സ്

വൻകിട, മെഗാ മേഖലകൾ കൂടാതെ സൂക്ഷ്മ- ചെറുകിട- ഇടത്തരം (MSME) മേഖലകൾക്ക് പ്രോത്സാഹനം നൽകുന്നതിനും വേണ്ടി അനവധി ഇൻസന്റീവ്സ് പുതിയ നയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.





മുകളിൽ പ്രതിപാദിച്ച ഇൻസന്റീവ് കൂടാതെ മറ്റുള്ളവ:-

(എ) എം. എസ്. എം. ഇ കൾക്കു വേണ്ടി ഇക്വിറ്റി ഫണ്ട് രൂപീകരണം. കേരള ബാങ്ക്, കെ. എഫ്. സി, കെ. എസ്. എഫ്. ഇ എന്നിവയുമായി ചേർന്ന് എം. എസ്. എം. ഇ കൾ, സ്റ്റാർട്ടപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഓരോ വർഷവും 200 കോടി രൂപയുടെ കോർപസ് ഫണ്ട് രൂപീകരിക്കുന്നതാണ്.

(ബി) കേരള സ്റ്റാർട്ടപ്പുകളെയും എം. എസ്. എം. ഇ കളെ ആഗോള വിപണിയുമായി ബന്ധിപ്പെടുന്നതിനുള്ള പ്രത്യേക പദ്ധതിയിൽ ആവിഷ്കരിക്കും.

(സി) നിലവിൽ കെ. എസ്. ഐ. ഡി. സി. നൽകുന്ന ഇന്നോവേഷൻ ഗ്രാന്റ് ക്രമേണ ഉയർത്തുന്നതാണ്.

(ഡി) വ്യവസായ - അക്കാദമിക് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക ഊന്നൽ നൽകുന്നതാണ്. ഇ. ഡി. ക്ലബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ്.

(ഇ) നിക്ഷേപകർക്കു വേണ്ടി വ്യവസായ പാർക്കുകളിൽ കൂടുതൽ ഡിസൈൻ, ടെസ്റ്റിങ്ങ് ലാമ്പുകൾ, കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

(എഫ്) സ്ത്രീ- എസ്. സി- എസ്. ടി സംരംഭകർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ

(ജി) എം. എസ്. എം. ഇ കൾക്ക് 4% പലിശയ്ക്ക് 10 ലക്ഷം രൂപ വരെ വായ്പ

## അടിസ്ഥാന സൗകര്യങ്ങൾ/ ഭൂ ബാങ്കുകൾ

അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ വ്യവസായ വളർച്ചയ്ക്ക് അനിവാര്യമായ ഘടകങ്ങളാണ്. സ്റ്റാർട്ടപ്പുകൾക്കും എം. എസ്. എം. ഇ കൾക്കും പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമി ലഭ്യത ആവശ്യമാണ്. സംസ്ഥാനത്തും ജില്ലാ തലങ്ങളിലും ഭൂ ബാങ്കുകൾ സ്ഥാപിച്ച് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സുതാര്യവും ഊർജ്ജിതവുമാക്കും.

## കേരള ബ്രാന്റ് വികസനം

പുതിയ വ്യവസായ നയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതകളിലൊന്നാണ് സ്വമേധയായുള്ള സാക്ഷ്യപ്പെടുത്തൽ വഴി കേരള ഉൽപന്നങ്ങളുടെ ഒരു കേരള ബ്രാൻഡ് സൃഷ്ടിക്കുകയെന്നുള്ളത്.

## ആഗോള അഭിരുചി

മലയാളികൾ വളരെ ഉയർന്ന വിദ്യാഭ്യാസ

യോഗ്യതയും ഗുണനിലവാരവും അഭിരുചി യുള്ളവരാണ്. ഇങ്ങനെയുള്ളവരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനും എല്ലാവിധ പിന്തുണയും പുതിയ നയം വാഗ്ദാനം ചെയ്യുന്നു. കേരളത്തിന് പുറമെ നിന്നും ആഗോള അഭിരുചിയുള്ളവരെ ആകർഷിക്കുന്നതിനു വേണ്ടി പ്രത്യേക പ്രോത്സാഹന പദ്ധതികൾ പുതിയ നയം വിഭാവന ചെയ്യുന്നു. അതിലൂടെ ആഗോള നിക്ഷേപം കേരളത്തിൽ എത്തുകയും ചെയ്യുന്നതാണ്.

## ലക്ഷ്യബോധമുള്ള വ്യവസായ നയം

2023-2024 നിക്ഷേപ വർഷമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിന് പുറമെ നിന്ന് പ്രതിവർഷം അനേകം കോടി രൂപ യുടെ ഉൽപന്നങ്ങളാണ് കേരള വിപ ണിയിലെത്തുന്നത്. ടെക്സ്റ്റയിൽസ്, വാഹനങ്ങൾ, എഞ്ചിനീയറിംഗ് വസ്തുക്കൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ, ആഭരണങ്ങൾ, ഔഷധങ്ങൾ എന്നിവയാണ് അതിൽ പ്രധാനപ്പെട്ട ഇനങ്ങളായി കേരള വിപണിയിലെത്തുന്നത്. ഈ ഉൽപന്നങ്ങൾ ഇവിടെ തന്നെ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുണ്ടാകുമെന്ന് പുതിയ വ്യവസായ നയം വ്യക്തമാക്കുന്നു. സംസ്ഥാനത്തിന് അനുയോജ്യമായ മുൻഗണനാ മേഖലകളിൽ വ്യവസായ വളർച്ച സാധ്യമാകുന്നതിലൂടെ കേരളത്തിന്റെ വ്യവസായ വളർച്ചയുടെ ഗ്രാഫ് അതിവേഗം മുന്നോട്ട് ഉയരുന്നതാണ്.

വൈദഗ്ദ്ധ്യമുള്ള മേഖലകളിൽ ക്ലസ്റ്റർ രൂപീകരിച്ചും സ്വകാര്യ പങ്കാളിത്തം വഴി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമിച്ചും വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്ന നടപടികളും പുതിയ വ്യവസായ നയത്തിലുണ്ട്. ഉത്തരവാദിത്വ നിക്ഷേപം, ഉത്തരവാദിത്വ വ്യവസായം, നൂതനാശയങ്ങളുടെ പരിപോഷിപ്പിക്കൽ, ആധുനിക സാങ്കേതിക വിദ്യയുടെ ഉൾപ്പെടുത്തൽ എന്നിവയിലൂടെ കേരളത്തെ വ്യവസായ വികസനത്തിന്റെ 4-ാം പ തിപ്പിൽ എത്തിക്കുകയെന്നുള്ളതാണ് കേരളത്തിന്റെ പുതിയ വ്യവസായ വാണിജ്യ നയത്തിന്റെ കാഴ്ചപ്പാട്. ഏറ്റവും ഉയർന്ന സാങ്കേതിക വിദ്യകളായ നിർമിത ബുദ്ധി, റോബോട്ടിക്, എഞ്ചിനീയറിംഗ് എന്നിവ ഉൾപെടെയുള്ള മേഖലകളെ ശരിയായി തിരിച്ചറിഞ്ഞ് ആ മേഖലകളിൽ വ്യവസായ വികസനം നേടുകയെന്നുള്ളതും പുതിയ നയത്തിന്റെ പ്രധാന പ്പെട്ട ലക്ഷ്യങ്ങളാണ്. കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിലേക്ക് നയിക്കുന്നതിന് ഏറ്റവും അനുയോജ്യമായ മേഖലയാണ് സ്റ്റാർട്ടപ്പ്. ടെക്നോളജി സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ കേരളം നേടിയതുപോലെ ഭക്ഷ്യം, ആരോഗ്യം സംരംഭം, മെഡിസിൻ ടൂറിസം, ഫിനാൻഷ്യൽ സർവീസുകൾ എന്നിവയിൽകൂടി സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് പുതിയ നയം എല്ലാ പ്രോത്സാഹനവും ന ൽകുന്നതാണ്. നിലവിലുള്ള സംരംഭങ്ങളെ വികസിപ്പിക്കുന്നതിനുവേണ്ടി (Scale up) സർക്കാർ വായ്പ ലഭ്യമാക്കുന്നതാണ്.

2022-2028 വരെ പുതിയ വ്യവസായ- വാണിജ്യ നയം പ്രാബല്യത്തിലുണ്ടാകും. പുതിയ വ്യവസായ ദീർഘകാല ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമാണ്. സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കൽ, വിപ ണനം, ഗുണനിലവാരമുള്ള മാനവശേഷി വികസനം പുതിയ സാങ്കേതിക വിദ്യയുടെ ഇടപെടൽ നൂതനാശയങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ഫണ്ടിങ്ങ് സഹായങ്ങൾ എന്നീ മാർഗങ്ങളി ലൂടെയെല്ലാം കേരളം വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിർത്തി വ്യവസായ വളർച്ചയിൽ മുന്നോട്ട് പോകുന്നതാണ്. ■

Nedumchira Mills
Chengalam South P.O
Ph : 9447910471



ടെക്നോട്രെന്റ്

# ലോകം സുസ്ഥിര ഉൽപാദനത്തിലേക്ക്



**ലോറൻസ് മാത്യു**

മാനവരാശിയുടെ പുരോഗതിയുടെ ആധാര ശില എന്നത് വ്യവസായങ്ങളാണ്. ശാസ്ത്രവും സാങ്കേതിക വിദ്യയും നിരവധി മാറ്റങ്ങളാണ് ഈ രംഗത്ത് നൽകിയിരിക്കുന്നത്. എന്നാൽ വ്യവസായ പുരോഗതി അനിവാര്യമായിരിക്കുമ്പോൾത്തന്നെ അത് മനുഷ്യരാശിയുടെ നില നിൽപ്പിന് ഭീഷണിയാവരുത് എന്നതും ഓർക്കേണ്ടതാണ്. ഏതൊരു വികസനവും മനുഷ്യ നന്മക്കാകണമല്ലോ. അത് കൊണ്ട് തന്നെ സുസ്ഥിര വികസനം എന്നയൊരു കാഴ്ചപ്പാടിലേക്കാണ് ലോകം പോകുന്നത്. വ്യവസായങ്ങൾ ഉണ്ടാകേണ്ടതും ഈ കാഴ്ചപ്പാടിൽ ഊന്നിയാവണം എന്നതാണ് നാം കാണേണ്ട വസ്തുത. ഇവിടെയാണ് സസ്റ്റയനബിൾ മാനുഫാക്ചറിങ്ങ് എന്നതിന്റെ പ്രസക്തി.

## എന്താണ് സുസ്ഥിര വികസനം

വികസനമെന്നത് സുസ്ഥിരമായിരിക്കണമെന്നത് ഒരു ആഗോള വീക്ഷണമാണിന്ന്. വിഭവങ്ങളുടെ അമിതചൂഷണം നിയന്ത്രിച്ചും പാരിസ്ഥിതി ആഘാതങ്ങൾ കുറച്ചും കൈവരിക്കുന്ന വികസനത്തെയാണ് പൊതുവെ സുസ്ഥിര വികസനം (Sustainable development) എന്ന് പറയുന്നത്. അതായത് വിഭവങ്ങളുടെ അമിത ചൂഷണം നിയന്ത്രിക്കുന്നതിലൂടെ അവ വരുംതലമുറയ്ക്കു കൂടി പ്രയോജന

പ്പെടുത്താൻ ഉതകും വിധമുള്ള വികസനമാണ് സുസ്ഥിര വികസനമെന്ന ബ്രണ്ട്ലന്റ് കമ്മീഷൻ (Brundtland Commission) നൽകിയിട്ടുള്ള നിർവചനമാണ് വ്യാപകമായി സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ഭാവി തലമുറയുടെ ആവശ്യങ്ങൾ ഒന്നും തടസ്സമില്ലാതെ നടപ്പിലാവുകയും വേണം എന്നാൽ ഇന്നത്തെ തലമുറയെ തൃപ്തിപ്പെടുത്തുകയും വേണം. ഏതൊരു വ്യവസായവും പ്രകൃതി വിഭവങ്ങളുടെ ചൂഷണം ആണ് എന്ന് വരികിൽ ഇതൊരു വെല്ലു വിളി തന്നെയാണ്. സത്യത്തിൽ സുസ്ഥിര വികസനത്തിന്റെ ചുവട് പിടിച്ചാണ് ഉൽപ്പാദനങ്ങളും ഈ രീതിയിലാവണമെന്ന കാഴ്ചപ്പാടിലേക്ക് ലോകം എത്തുന്നത്. 2015-ൽ ഐക്യരാഷ്ട്ര പൊതു സഭ മെച്ചപ്പെട്ടതും സുസ്ഥിരവുമായ ഭാവി എല്ലാവർക്കും കൈവരിക്കുന്നതിനുള്ള മാതൃകയായി രൂപ കൽപ്പന ചെയ്തിട്ടുള്ളതും 2030 ഓടെ നേടിയെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ 17 പരസ്പര ബന്ധിതമായ ആഗോള തലത്തിലുള്ള ലക്ഷ്യങ്ങളുടെ ഒരു ശേഖരമാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ. അഥവാ Sustainable Development Goals (SDG). ഇന്ന് ലോകത്തിലെ മിക്ക വികസന ചർച്ചകളും ഈ ലക്ഷ്യങ്ങൾ മുൻപോട്ട് വെച്ച വിഷയങ്ങളിൽ കേന്ദ്രീകരിച്ചാണ് എന്ന് മനസ്സിലാക്കുമ്പോഴാണ് SDG കളുടെ പ്രസക്തി നാം മനസ്സിലാക്കുന്നത്.

1. ദാരിദ്ര്യമില്ലായ്മ
2. വിശപ്പുരഹിതം
3. നല്ല ആരോഗ്യവും ക്ഷേമവും
4. ഗുണനിലവാരമുള്ള വിദ്യാഭ്യാസം
5. ലിംഗ സമത്വം
6. ശുദ്ധമായ വെള്ളവും ശുചിത്വവും
7. താങ്ങാവുന്നതും ശുദ്ധവുമായ ഊർജ്ജം
8. മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും
9. വ്യവസായം, നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ
10. അസമത്വം കുറയ്ക്കുക.
11. സുസ്ഥിര നഗരങ്ങളും കമ്മ്യൂണിറ്റികളും
12. ഉത്തരവാദിത്ത ഉപഭോഗവും ഉൽപാദനവും
13. കാലാവസ്ഥാ പ്രവർത്തനം
14. വെള്ളത്തിന് താഴെയുള്ള ജീവിതം
15. കരയിലെ ജീവിതം
16. സമാധാനം, നീതി, ശക്തമായ സ്ഥാപനങ്ങൾ
17. ലക്ഷ്യങ്ങൾക്കുള്ള പങ്കാളിത്തം- ഇവയായിരുന്നു ആ ലക്ഷ്യങ്ങൾ.

## സുസ്ഥിര ഉൽപ്പാദനം ചർച്ചയാകുമ്പോൾ

മേൽ പ്രസ്താവിച്ച 17 ലക്ഷ്യങ്ങളിൽ ഒൻപ താമതായി പറഞ്ഞിരിക്കുന്നത് വ്യവസായങ്ങളെ ക്കുറിച്ചാണ്. അതായത് ഇനിയുള്ള വ്യവസായ



വൽക്കരണം ഈ ലക്ഷ്യത്തിലൂന്നിയായിരിക്കണമെന്നത്. പ്രത്യേകിച്ചും കേരളത്തെപ്പോലെ ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്ത് വ്യവസായ വൽക്കരണമെന്ന് ചിന്തിക്കുമ്പോൾ അത് സുസ്ഥിരമായേ പറ്റു. നമ്മുടെ സാങ്കേതിക വിദ്യകൾ അതിനനുസൃതമായി മാറിയേ തീരു. പരിസ്ഥിതി സൗഹാർദ്ദമായ ഒരു ഉൽപ്പാദന സിസ്റ്റം ഉണ്ടാവുക എന്നത് ഏറെ പ്രസക്തമായ ഒന്നാണ്. വെള്ളപ്പൊക്കവും കാട്ടുതീയും കാലാവസ്ഥാ വ്യതിയാനവും ഒക്കെ മനുഷ്യനെ ഈ നിലയിൽ ചിന്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്. The United States' Environmental Protection Agency (EPA) സുസ്ഥിര ഉൽപ്പാദനത്തെ നിർവ്വചിച്ചിരിക്കുന്നത് 'The creation of manufactured products through economically sound processes that minimize negative environmental impacts while conserving energy and natural resources." എന്നാണ്. അതായത് അസംസ്കൃത വസ്തുക്കളുടെ ഉപയോഗം പരമാവധി കുറച്ച് കുറഞ്ഞ ഊർജ്ജ ഉപഭോഗത്തിലൂടെ പരിസ്ഥിതി ആഘാതങ്ങൾ തീരെ കുറച്ച് ഉൽപ്പാദനം നടത്തുകയെന്നതാണ്. ഇത് സാധ്യമാകുന്നത്.

- പരിസ്ഥിതിക്ക് ഹാനികരമായവയൊന്നും ഉപയോഗിക്കാതിരിക്കുക
- മലിനീകരണം തീരെ കുറക്കുക
- അസംസ്കൃത വസ്തുക്കളുടെ വേസ്റ്റ് കുറക്കുക
- വെള്ളം, ഊർജ്ജം എന്നിവയൊക്കെ പരിമിതമായി ഉപയോഗിക്കുക
- ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുക - തുടങ്ങിയവയൊക്കെ ഒരു വ്യവസായ സ്ഥാപനം നടപ്പിലാക്കേണ്ടതുണ്ട്.



ചെമ്മരിയാടിന്റെ രോമം കൊണ്ടുള്ള അകത്തളം

ഊർജ്ജം ഉപഭോഗം കുറക്കുക എന്നതിനെപ്പറ്റി ചിന്തിക്കുമ്പോഴാണ് നാം സോളാർ, വിൻഡ് മില്ലുകൾ എന്നിവയുടെ സാധ്യതയിലേക്ക് ചിന്തിക്കുന്നത്. ഈ മേഖലയിൽ ഇപ്പോൾത്തന്നെ കാര്യമായ ഇടപെടലുകൾ നടക്കുന്നുണ്ട്. വാഹന ലോകത്ത് ഭാവിയിലെ ഇന്ധനക്ഷാമം മുൻ കൂട്ടി കണ്ട് കൊണ്ട് വൈദ്യുതിയിലോടുന്ന വാഹനങ്ങൾ തരംഗമായി വരുന്നു. കേന്ദ്ര സർക്കാർ ഇത് വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇത് വ്യപകമാകുമ്പോൾ ബാറ്ററി ഉൾപ്പെടെയുള്ള വ്യവസായ സാധ്യതകളാണ് മുന്നിൽ തെളിഞ്ഞ് വരുന്നത്. പരമ്പരാഗത ഊർജ്ജ സ്രോതസുകളിൽ നിന്നും മാറി ചിന്തിക്കേണ്ടിയിരിക്കുന്നു. സൗരോർജ്ജത്തെ പരമാവധി ഉപയോഗപ്പെടുത്തുന്ന ഒരു വ്യവസായ നയ രൂപവൽക്കരണത്തിലേക്ക് നാം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതൊക്കെയും അനുബന്ധ വ്യവസായ സാധ്യതകൾ ഏറെയുള്ള മേഖലകൾ ആയതിനാൽത്തന്നെ വരും നാളുകളിൽ പുതിയ സംരംഭങ്ങൾ ഉടലെടുക്കുവാൻ പര്യാപ്തമാകും.

ഊർജ്ജം ഉപഭോഗം കുറക്കുക എന്നതിനെപ്പറ്റി ചിന്തിക്കുമ്പോഴാണ് നാം സോളാർ, വിൻഡ് മില്ലുകൾ എന്നിവയുടെ സാധ്യതയിലേക്ക് ചിന്തിക്കുന്നത്. ഈ മേഖലയിൽ ഇപ്പോൾത്തന്നെ കാര്യമായ ഇടപെടലുകൾ നടക്കുന്നുണ്ട്. വാഹന ലോകത്ത് ഭാവിയിലെ ഇന്ധനക്ഷാമം മുൻ കൂട്ടി കണ്ട് കൊണ്ട് വൈദ്യുതിയിലോടുന്ന വാഹനങ്ങൾ തരംഗമായി വരുന്നു.

അസംസ്കൃത വസ്തുക്കളുടെ വേസ്റ്റ് കുറക്കുക

എന്നതിൽ സാങ്കേതിക വിദ്യക്ക് ഏറെ ചെയ്യുവാനുണ്ട്. ഇവിടെയാണ് പുനരുപയോഗിക്കുക, Recycle ചെയ്യുക എന്നിങ്ങനെയുള്ള സാധ്യതകൾ ആലോചിക്കപ്പെടുന്നത്. ഉദാഹരണമായി എല്ലാവരും ഒരു ശല്യമായി പറയുന്നതും എന്നാൽ ഏറെ പ്രയോജനമുള്ളതുമായ പ്ലാസ്റ്റിക്കിന്റെ കാര്യം തന്നെയെടുക്കാം. ഒരു വസ്തു അത് ഉപയോഗിക്കുന്ന കാലത്തോളം അതൊരു മാലിന്യമല്ലായെന്നോർക്കുക. അത് കൊണ്ട് പുനരുപയോഗത്തെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എന്നാൽ Recycle എന്നതിലേക്ക് വരുമ്പോൾ അതിനാവശ്യമായ യന്ത്ര സാമഗ്രികൾ വേണ്ടി വരുന്നുണ്ട്. വേസ്റ്റായിട്ടുള്ള പ്ലാസ്റ്റിക്കുകൾ ചെടിച്ചട്ടികളാക്കി മാറ്റുന്ന സാങ്കേതിക വിദ്യ ഇപ്പോൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. പ്ലാസ്റ്റിക്കിനെ ഡ്രസ്സ് ആക്കി മാറ്റുവാൻ കഴിയും. ഒപ്പം ബാഗ് പോലുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നതാണ്. പ്ലാസ്റ്റിക് മാത്രമല്ല റബ്ബർ ഉൽപ്പന്നങ്ങളേയും ഈ രീതിയിൽ റി സൈക്ലിങ്ങ് ചെയ്യുന്നതിനെപ്പറ്റി ചിന്തിക്കാവുന്നതാണ്. ഈ രീതിയിൽ ചിന്തിച്ചാൽ പുതിയ സ്റ്റാർട്ടപ്പുകൾക്ക് ഏറെ സാധ്യതയുണ്ട്.

ഒപ്പം പരിസ്ഥിതിക്ക് അനുയോജ്യമായ പാക്കിങ്ങിലേക്ക് മാറുകയെന്നതാണ് മറ്റൊന്ന്. ഇപ്പോൾത്തന്നെ പ്ലാസ്റ്റിക് കവറുകൾക്ക് പകരം പേപ്പർ, തുണി കവറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പ്ലാസ്റ്റിക് നിരോധനം എന്നത് പ്രായോഗികമല്ലായെന്നും പ്ലാസ്റ്റിക് പോലുള്ള ഇത്രയും ഉപയോഗപ്രദമായ ഒന്നിനെ ഒഴിവാക്കിയിട്ട് ജീവിതം അസാധ്യമാണെന്നുമുള്ള തിരിച്ചറിവാണ് വേണ്ടത്. എന്നാൽ കവർ പോലുള്ള സാധ്യമായ കാര്യങ്ങളിൽ പ്ലാസ്റ്റിക്കിന് പരിസ്ഥിതി ബദൽ എന്ന രീതിയിൽ ചിന്തിക്കുകയും ആ രീതിയിൽ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിലേക്ക് നാം മാറുകയും ചെയ്യുമ്പോൾ അത് പുതിയ സംരംഭങ്ങൾ



ലേഖകന്റെ വീട്

ഉടലെടുക്കുവാൻ പര്യാപ്തമാവുകയും ചെയ്യും. പ്ലാസ്റ്റിക്കിൽ നിന്നും കെട്ടിട നിർമ്മാണ വസ്തുക്കൾ നിർമ്മിക്കാവുന്നതാണ്.

പരിസ്ഥിതി സൗഹാർദ്ദമായ അസംസ്കൃത വസ്തുക്കൾ സാധ്യമായിടത്ത് ഉപയോഗിക്കുക എന്നതാണ് കാര്യമായി ചെയ്യുവാൻ കഴിയുന്നത് മറ്റൊന്ന്. ഇത് പ്ലാസ്റ്റിക്കിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. കെട്ടിട നിർമ്മാണ രംഗത്ത് ഈ ചിന്തക്ക് ഏറെ പ്രസക്തിയുണ്ട്. ഉദാഹരണമായി മുള ഏറെ സാധ്യതകളുള്ള ഒന്നാണ്. മുള വീടുകൾ ഇപ്പോൾ ടൂറിസം രംഗത്ത് എങ്കിലും പ്രയോജനപ്പെടുത്തുന്നുണ്ട്. മുളയുടെ ടൈൽ പോലുള്ള ഉൽപ്പന്നങ്ങൾ വ്യാപകമായി വരുന്നുണ്ട് ഇപ്പോൾ. എന്നാൽ ഇതിന്റെ ഉയർന്ന വിലയാണ് ഒരു വെല്ലുവിളിയായി നിൽക്കുന്നത്. കെട്ടിട നിർമ്മാണത്തിന് മണ്ണ് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ ലേഖകൻറെ പുതിയ വീട് തന്നെ മണ്ണ് കൊണ്ടുള്ള നിർമ്മാണ രീതിക്ക് ഉദാഹരണമാണ്.

ചെമ്മരിയാടിൻറെ രോമം പുതപ്പ് ഉണ്ടാക്കുവാൻ മാത്രമല്ല അകത്തളങ്ങൾ അലങ്കരിക്കുവാനും ഉപയോഗിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് പഴയ കെട്ടിടങ്ങളുടെ തടിയും മറ്റും പുനരുപയോഗിക്കുന്നതും ഈ ദിശയിലേക്കുള്ള കാൽ വെപ്പാണ്. സിമൻറ് നിർമ്മാണത്തിന് ഫ്ളൈയാഷ് ഉപയോഗിക്കുന്നത് ഈ രീതിയിലുള്ള ഒന്നാണ്. Hempcrete എന്നയൊരു കട്ട വീട് നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്. പരമ്പരാഗത നിർമ്മാണ രീതിയിൽ നിന്നും വിട്ട് വേറിട്ട വഴികളിലൂടെ യാത്ര ചെയ്യുമ്പോൾ പരിസ്ഥിതി സൗഹാർദ്ദമായ നിരവധി വസ്തുക്കളിലേക്ക് നമുക്ക് എത്തിച്ചേരുവാൻ കഴിയും.

സപ്ലേ ചെയിൻ ആണ് സുസ്ഥിര ബിസിനസ് മോഡൽ പ്രാവർത്തികമാക്കുന്ന മറ്റൊരു മേഖല. ഇതിന്റെ ആദ്യത്തെ പടി എന്നത് ഉൽപ്പന്നം ആരിൽ നിന്നും ശേഖരിക്കുന്നുവോ അവരുടെ സുസ്ഥിരത ഉറപ്പാക്കുക എന്നതാണ്. ഈ സപ്ലൈ ചെയിനിൽ മുഴുവൻ വേസ്റ്റ് കുറക്കുക എന്നതാണ് അടുത്തതായി ചെയ്യുവാനുള്ളത്. ബിസിനസ്സ് ലോകം ഇപ്പോൾ ചിന്തിക്കുന്നത് ഈ രീതിയിൽ ആണ്.

ഇനിയുള്ള വ്യവസായങ്ങൾ പ്ലാൻ ചെയ്യുമ്പോൾ ത്തന്നെ സുസ്ഥിരം ആണെന്നുള്ള കാഴ്ചപ്പാടിൽ ചിന്തിക്കേണ്ടത് പ്രകൃതിയുടേയും നമ്മുടേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. എങ്കിൽ മാത്രമേ വരും തലമുറക്കും ഈ ലോകം ഉപയോഗപ്രദമായി തീരുകയുള്ളു. ■

# പ്രവാസി മലയാളികൾക്ക് ആശങ്കയില്ലാതെ സംരംഭം തുടങ്ങാൻ 10 നിർദ്ദേശങ്ങൾ



റ്റി. എസ്. ചന്ദ്രൻ

**ജോലി** നഷ്ടപ്പെട്ട് വിദേശത്ത് നിന്നും തിരിച്ചെത്തുന്ന മലയാളികൾക്ക് നന്നായി ശോഭിക്കാവുന്ന മേഖല സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളാണ്. ഈ രംഗത്ത് ധാരാളം അവസരങ്ങളുണ്ട്. സംസ്ഥാനത്തെ ലൈസൻസിംഗ് സമ്പ്രദായം കൂടുതൽ ഉദാരമാക്കിയിരിക്കുന്നു. സർക്കാർ സബ്സിഡിയോടു കൂടി വായ്പയും അനുബന്ധ സൗകര്യങ്ങളും ലഭിക്കുന്നതാണ്. സംരംഭം തുടങ്ങുന്നതിന് കൈത്താങ്ങ് സഹായവും, സാങ്കേതിക സഹായവും ലഭിക്കുകയും ചെയ്യും. എന്നിരുന്നാലും സംരംഭത്തിലേക്ക് കടക്കും മുമ്പ് ഏതാനും കാര്യങ്ങൾ കൃത്യമായി വിലയിരുത്തേണ്ടതുണ്ട്. ഒരു സംരംഭം തിരഞ്ഞെടുക്കുക എന്നത് നന്നായി പഠിച്ച്, വിലയിരുത്തി സ്വീകരിക്കേണ്ട ഒന്നാണ്. സംരംഭം തിരഞ്ഞെടുക്കാനും വിജയം ഉറപ്പാക്കാനും ഏതാനും നിർദ്ദേശങ്ങൾ ചുവടെ:

## വിൽക്കാൻ കഴിയുന്നവ മാത്രം തിരഞ്ഞെടുക്കുക

സംരംഭം നിർമാണമോ സേവനമോ വ്യാപാരമോ എന്തുമാകട്ടെ





വിപണിയെ മുൻകൂട്ടി കണ്ട് മാത്രമേ നിക്ഷേപം നടത്താവൂ. ഒരു തൊഴിൽ സംരംഭം സംബന്ധിച്ച് പല രീതിയിലുള്ള പരിചയമുണ്ടാകാം. ചില ഉൽപന്ന ങ്ങളോട് മാനസികമായ താൽപര്യവും ഉണ്ടാകാം. എന്നാൽ സംരംഭം തിരഞ്ഞെടുക്കേണ്ടതിന്റെ അളവുകോൽ ഇവയല്ല. പ്രസ്തുത ഉൽപന്നങ്ങൾ വിപണിയ്ക്ക് ആവശ്യമുള്ളതാണോ എന്നതാണ്. ഉൽപന്നം എത്ര ശ്രേഷ്ഠമായാലും വിപണിയ്ക്ക് സ്വീകാര്യമല്ലെങ്കിൽ അതിലേയ്ക്ക് കടക്കരുത് എന്ന് തന്നെ. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വലിയതോതിൽ മാർക്കറ്റ് സർവ്വെകൾ നടത്താൻ കഴിയണമെന്നില്ല. ഉൽപന്നം/ സേവനം അത് വാങ്ങുന്നവരും, വിതരണം ചെയ്യുന്നവരും, വിൽക്കുന്നവരും, ഉപയോഗിക്കുന്നവരും മറ്റുമായി പലവട്ടം ചർച്ചകൾ നടത്തുക. വിപണിയുടെ സ്വീകാര്യത ബോധ്യപ്പെടും. വിപണിയിലെ ആവശ്യകതയിൽ നിന്നാവണം സംരംഭം പിറക്കേണ്ടത്.

## കുറഞ്ഞ നിക്ഷേപത്തിൽ തുടങ്ങുക

സ്വയം തൊഴിൽ സംരംഭങ്ങളെ പരിഗണിയ്ക്കുമ്പോൾ വലിയ വ്യവസായ ശാലകളെക്കുറിച്ച് ചിന്തിക്കേണ്ടതില്ല. ഇതിന് നിരവധി ഗുണങ്ങളുണ്ട്.

* കുറഞ്ഞ നിക്ഷേപത്തിൽ തുടങ്ങുന്നതിനാൽ സംരംഭകന്റെ മാനസിക സമ്മർദ്ദം കുറവാ യിരിക്കും.
* ഉൽപാദനത്തിന് അനുസരിച്ച് വിപണി കണ്ടെത്തുക എളുപ്പമാണ്.
* ഏറെ സാങ്കേതിക, നിർമ്മാണ വിതരണ പ്രക്രിയകളിൽ ഉണ്ടാകില്ല.
* ക്രെഡിറ്റ് വിൽപന നിയന്ത്രിക്കാൻ കഴിയും.
* മെച്ചപ്പെട്ട ലാഭവിഹിതം ലഭിക്കും (മിക്കവാറും നേരിട്ട് വിൽപന നടത്തുന്നതിനാൽ)
* പരിസ്ഥിതി സൗഹൃദവും, കുടിൽ വ്യവസായവുമായി രൂപപ്പെടുത്താൻ കഴിയും.
* കുടുംബ കൂട്ടായ്മകളിലൂടെ ഉൽപാദന ചെലവ് കുറയ്ക്കാൻ കഴിയും.
* കൊലാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ തന്നെ ചെറിയ വായ്പകൾ ബാങ്കുകൾ അനുവദിക്കും

(ആവശ്യമെങ്കിൽ)

* വിപണന സാധ്യതകൾക്കനുസരിച്ച് ഉൽപാദനം വർദ്ധിപ്പിക്കുവാൻ കഴിയും. ഇതിനായി പുതിയ പ്ലാന്റുകൾ തുടങ്ങുക എളുപ്പമാകും.

വായ്പയ്ക്ക് സർക്കാർ സബ്സിഡി ഉറപ്പാക്കാൻ കഴിഞ്ഞാൽ പുതു സംരംഭകർക്ക് അത് വലിയ ആശ്വാസമായിരിക്കും. വായ്പയ്ക്ക് സബ്സിഡിയോടു കൂടിയ നിരവധി സർക്കാർ പദ്ധതികൾ ലഭ്യമാണ്. കൊലാറ്ററൽ സെക്യൂരിറ്റി ഇല്ലാതെയും വായ്പകൾ ലഭിക്കും.

തുടക്കത്തിൽ സംരംഭകർ തന്നെയാവും തൊഴിലാളികൾ. എന്നാൽ സ്ഥാപനം വളരുന്നതനുസരിച്ച് തൊഴിലാളികളെ നിയമിച്ച് മുന്നേറാൻ ശ്രമിക്കണം.

## ലാഭമാകണം ലക്ഷ്യം

ചെറിയ മുതൽ മുടക്കോടെയാണ് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നത്. എങ്കിലും ആയതിന്റെ ലക്ഷ്യം ലാഭം തന്നെയായിരിക്കണം. മറിച്ചുള്ള ചിന്തകൾക്ക് സംരംഭമേഖലയിൽ പ്രസക്തിയില്ല. കാരണങ്ങൾ പലതാണ്.

* സ്ഥാപനത്തിന്റെ നിലനിൽപിനും വിജയത്തിനും ലാഭം കൂടിയേ തീരൂ.
* സ്ഥാപനത്തിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിനും വികസിപ്പിക്കുന്നതിനും ലാഭം വേണം.
* സംരംഭകന്റെ വേതനമാണ് ലാഭം. ഇതാണ് പുനർ നിക്ഷേപമായി രൂപപ്പെടുന്നത്.
* ലാഭമുണ്ടാക്കുന്ന സംരംഭങ്ങളെ മാത്രമേ ധനകാര്യ സ്ഥാപനങ്ങളും, ഇതര സ്ഥാപനങ്ങളും അംഗീകരിക്കൂ.

## വായ്പ അത്യാവശ്യത്തിനു മാത്രം

താൻ ഉദ്ദേശിക്കുന്ന രീതിയിൽ സംരംഭം ആരംഭിക്കുവാൻ എത്ര രൂപ വേണ്ടിവരും? സ്ഥിര നിക്ഷേപമായി എത്ര രൂപയുടെ കുറഞ്ഞ മുതൽമുടക്ക് വേണ്ടിവരും? കെട്ടിടം, മെഷിനറികൾ, ഇലക്ട്രിക് സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവയ്ക്ക് മിനിമം എത്ര രൂപ വേണ്ടിവരും? മികച്ച ടെക്നോളജി കൊണ്ടുവരാൻ വേണ്ടി വരുന്ന നിക്ഷേപം എത്രയാണ്? പ്രവർത്തന മൂലധനമായി എത്ര രൂപ ആവശ്യമുണ്ട്.? ഇങ്ങനെ ആകെ വേണ്ടിവരുന്ന നിക്ഷേപം കണക്കാക്കണം. ഇതിൽ പരമാവധി തുക സംരംഭകന്റെ വിഹിതമായി കൊണ്ടുവരാൻ ശ്രമിക്കുക. ബാക്കി തുക മാത്രമേ ബാങ്ക് വായ്പയായി എടുക്കാവൂ. റിസർവ് ബാങ്ക് നിർദ്ദേശം അനുസരിച്ച് സ്ഥിരനിക്ഷേപത്തിന് (ഭൂമി ഒഴികെ) 80% വരെയും, ആവർത്തന ചെലവുകൾക്ക് 60% വരെയും ബാങ്ക് വായ്പ ലഭിക്കുന്നതാണ്. (സ്കീം ലോണുകൾക്ക് വ്യത്യാസം വരും) പക്ഷേ തുടക്കത്തിലേ ബാങ്ക് ബാധ്യതകൾ കുറച്ചുകൊണ്ട് വരാനാണ് സംരംഭകർ ശ്രദ്ധിക്കേണ്ടത്. അതുപോലെ തന്നെ സർക്കാർ സബ്സിഡികൾ പ്രതീക്ഷിച്ചും അമിതമായി വായ്പകൾ എടുക്കരുത്. സ്വയംതൊഴിൽ സംരംഭങ്ങളിൽ വായ്പ എടുക്കുന്ന സമയവും, പ്രവർത്തനം ആരംഭിക്കുന്ന സമയവും തമ്മിലുള്ള ദൈർഘ്യം ആറ് മാസത്തിൽ അധികരിക്കാതെ ശ്രദ്ധിക്കുകയും വേണം. വായ്പയ്ക്ക് സർക്കാർ സബ്സിഡി ഉറപ്പാക്കാൻ കഴിഞ്ഞാൽ പുതു സംരംഭകർക്ക് അത് വലിയ ആശ്വാസമായിരിക്കും. വായ്പയ്ക്ക് സബ്സിഡിയോടു കൂടിയ നിരവധി സർക്കാർ പദ്ധതികൾ ലഭ്യമാണ്. കൊലാറ്ററൽ സെക്യൂരിറ്റി ഇല്ലാതെയും വായ്പകൾ ലഭിക്കും.

## നിയമങ്ങൾ അറിഞ്ഞ് നിക്ഷേപം

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ നന്നായി മനസ്സിലാക്കാൻ ശ്രമിക്കണം. പിന്നീട് ദു:ഖിക്കേണ്ടി വരില്ല. നെൽവയലുകൾ പരിസ്ഥിതി ലോല പ്രദേശങ്ങൾ, തീരദേശ പരിധിയിലെ സ്ഥലങ്ങൾ, ടൗൺ പ്ലാനിംഗ് വകുപ്പ് റിസർവ് ചെയ്തിരിക്കുന്ന സ്ഥലങ്ങൾ എന്നിവയിൽ സംരംഭങ്ങൾ പ്ലാൻ ചെയ്യരുത്.

## ലൈസൻസുകൾക്കും അനുമതികൾക്കും പുതിയ സൗകര്യങ്ങൾ

പ്രവാസികൾ ഉപയോഗപ്പെടുത്തണം ഈ സൗകര്യങ്ങൾ

* മുൻകൂർ ലൈസൻസ് ഇല്ലാതെ തന്നെ സംരംഭങ്ങൾ തുടങ്ങുന്നതിന് ഇപ്പോൾ അനുമതി ലഭിക്കുന്നതാണ്. റെഡ് കാറ്റഗറിയിൽ വരാത്തതും 10 കോടിയിൽ താഴെ നിക്ഷേപം വരുന്നതുമായ സംരംഭങ്ങൾക്കാണ് ഈ സൗകര്യം ലഭിക്കുക. 3 വർഷത്തിന് ശേഷം 6 മാസത്തിനുള്ളിൽ ഈ ലൈസൻസുകൾ എടുത്താൽ മതി.
* അഞ്ച് എച്ച്. പി. വരെ പവർ ഉപയോഗിക്കുന്ന



നാനോ ഹൗസ് ഹോൾഡ് സംരംഭങ്ങളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ലൈസൻസിൽ നിന്നും പൂർണമായും ഒഴിവാക്കിക്കൊണ്ട് എൽ. എസ്. ജി. ഡി. ഉത്തരവായിട്ടുണ്ട്. (21.01.2020)

* 30 ദിവസത്തിനുള്ളിൽ അനുമതി ലഭിക്കത്തക്ക വിധം ലൈസൻസിംഗ് സംവിധാനം ലഘൂകരിച്ചിട്ടുണ്ട്. കെ- സ്വിഫ്റ്റ് എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴിയാണ് ഇത്.

* സ്റ്റോപ് മെമ്മോയ്ക്ക് നിയന്ത്രണം, ഡി. എം. ഒ യുടെ അനുമതി മെഡിക്കൽ സ്ഥാപനങ്ങൾക്ക് മാത്രം, ലൈസൻസുകൾക്ക് 5 വർഷത്തെ കാലാവധി, പൊതു അപേക്ഷാഫോറം, സംയുക്ത പരിശോധനകൾ തുടങ്ങിയ സൗകര്യങ്ങളും ഇപ്പോഴുണ്ട്.

* ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. കൈത്താങ്ങ് സഹായവും ലഭിക്കും.

പ്രവാസി സംരംഭകരെ പ്രത്യേക വിഭാഗമായി കണക്കാക്കി സബ്സിഡി ആനുകൂല്യങ്ങൾ നൽകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം പ്രവാസി സംരംഭകർ ഇപ്പോൾ പ്രത്യേക വിഭാഗമാണ്. അവർക്ക് സ്ഥിര നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

## വീടുകളെ പരീക്ഷണശാലകൾ ആക്കുക

സംരംഭത്തിന്റെ തുടക്കം വീടുകളിൽ നിന്ന് ആകട്ടെ. നാട്ടിലെത്തുന്ന പ്രവാസികൾ വലിയ കെട്ടിടങ്ങൾ അന്വേഷിച്ച് നടക്കാതെ പരമാവധി ഭവനങ്ങളിൽ തന്നെ സംരംഭങ്ങൾ തുടങ്ങുക. പരീക്ഷണ ശാലയാക്കുക. ഒരു വീട്ടിൽ ഒരു വ്യവസായം എന്നത് കാലഘട്ടത്തിന് അനുയോജ്യമായ മുദ്രാവാക്യമാണ്. എല്ലാ സംരംഭങ്ങളും ഭവനങ്ങളിൽത്തന്നെ തുടങ്ങാൻ കഴിയണമെന്നില്ല. എന്നാലും പരമാവധി അങ്ങനെ ചെയ്യാൻ ശ്രമിക്കണം. ഭയാശങ്കകൾ ലഘൂകരിക്കുവാൻ ഇതുകൊണ്ട് സാധിക്കും. വീട്ടിലെ അടിസ്ഥാന സൗകര്യങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം. കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ, ഗാർമെന്റ് യൂണിറ്റുകൾ, മത്സ്യകൃഷി, മത്സ്യ മാംസ സംസ്കരണം, ലൈറ്റ്

**സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ നന്നായി മനസ്സിലാക്കാൻ ശ്രമിക്കണം. പിന്നീട് ദു:ഖിക്കേണ്ടി വരില്ല. നെൽ വയലുകൾ പരിസ്ഥിതി ലോല പ്രദേശങ്ങൾ, തീരദേശ പരിധിയിലെ സ്ഥലങ്ങൾ, ടൗൺ പ്ലാനിംഗ് വകുപ്പ് റിസർവ് ചെയ്തിരിക്കുന്ന സ്ഥലങ്ങൾ എന്നിവയിൽ സംരംഭങ്ങൾ പ്ലാൻ ചെയ്യരുത്.**



എഞ്ചിനീയറിംഗ്, പേപ്പർ/ ജൂട്ട് അധിഷ്ഠിത സംരംഭങ്ങൾ, ഫാമുകൾ, വാടക കേന്ദ്രങ്ങൾ, ലോൺട്രി സർവീസുകൾ, ഫർണിച്ചറുകൾ എന്നിവയെല്ലാം തന്നെ വീടുകളിൽ നിർമ്മിച്ച് വിപണനം ചെയ്യാൻ കഴിയും. സംരംഭത്തിന്റെ പുരോഗതിക്ക് അനുസരിച്ച് ഫാക്ടറികളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുകയും ചെയ്യാം.

## വിപണിയ്ക്ക് അതിർവരമ്പുകൾ ഉണ്ടാക്കരുത്

ഒരു സ്ഥാപനത്തിന്റെ വളർച്ച അതിന്റെ വിപണിയെ ആശ്രയിച്ചാണിരിക്കുന്നത് എന്നറിയാമല്ലോ. എത്രമാത്രം കൂടുതൽ ഏരിയാകൾ കവർ ചെയ്യാൻ കഴിയുമോ അത്രമാത്രം ഉപയോഗപ്പെടുത്തണം. ഇതിന് പല ടെക്നിക്കുകളും ഉപയോഗിക്കാം. വിതരണക്കാർ വഴിയും, ഓൺലൈൻ വഴിയും ഉൽപന്നങ്ങൾ വിൽക്കാം. ഓൺലൈൻ മേഖല അതിവേഗം വളർന്ന് വരികയാണ്. ഈ സൗകര്യം ഉപയോഗപ്പെടുത്തണം. കയറ്റുമതിക്കുള്ള നടപടികൾ ഇപ്പോൾ ലളിതമാണ്. നേരിട്ട് ഇതിന് കഴിയാത്ത അവസ്ഥയുണ്ടെങ്കിൽ ഔട്ട് സോഴ്സ് ചെയ്യുന്ന രീതികളും പരിശോധിക്കാവുന്നതാണ്. വിപണനത്തിന് പുതിയ പുതിയ മേഖലകൾ കണ്ടെത്തുമ്പോഴാണ് സ്ഥാപനം വളരുന്നത്. ഇവിടെ പരിധികൾ നിശ്ചയിക്കുവാൻ പാടില്ല.

## മെഷിനറി/ ഉപകരണങ്ങൾ ; ജാഗ്രത വേണം

സംരംഭത്തിന് ആവശ്യമായ മെഷിനറിയും ഉപകരണങ്ങളും വാങ്ങുമ്പോൾ വലിയ ജാഗ്രത കാണിക്കണം. ഡൽഹി ആസ്ഥാനമായുള്ള ഒരു കമ്പനി പരസ്യം ചെയ്തത് ഞങ്ങൾ പേപ്പർ പ്ലേറ്റ് നിർമ്മിക്കുന്ന മെഷിനറികളും, അസംസ്കൃത വസ്തുക്കളും സപ്ലൈ ചെയ്യും. ഉൽപന്നം ഞങ്ങൾ തിരിച്ചെടുക്കും എന്നാണ്. ഇതുപ്രകാരം പണമടച്ച ഏതാനും സംരംഭകർ ആപ്പിലായി. ഉൽപന്നം തിരിച്ചെടുത്തില്ല എന്നു മാത്രമല്ല മെഷിനറി നന്നായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നുമില്ല. പിന്നീട് ഇവരുമായി ബന്ധപ്പെടാനോ സാധിക്കുന്നില്ല. ഇങ്ങനെ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

* നമ്മുടെ സംരംഭത്തിന് അനുയോജ്യമായ മെഷിനറികൾ തെരഞ്ഞെടുക്കണം.
* മൂന്നോ അതിൽ കൂടുതലോ മെഷിനറി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയുടെ പ്രവർത്തനം, വിൽപനാനന്തര സേവനം, വില എന്നിവ വിലയിരുത്തി വേണം ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ.
* ഇത്തരം മെഷിനറികൾ സപ്ലൈ ചെയ്തിരിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനം നേരിട്ട് കാണുവാൻ മെഷിനറി സപ്ലൈയറോട് ആവശ്യപ്പെടാവുന്നതാണ്.

* വലിയ തുകകൾ അഡ്വാൻസായി നൽകരുത്.
* മെഷിനറിയുടെ ക്വട്ടേഷൻ വില കൂടുതൽ കാണിച്ച് വായ്പയ്ക്ക് അപേക്ഷിക്കുന്നവരുണ്ട്. അത് വലിയ നഷ്ടം മാത്രമേ അപേക്ഷകന് ഉണ്ടാക്കുകയുള്ളൂ.
* മെഷിനറിയുടെ, ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റലേഷൻ, ട്രയൽ റൺ എന്നിവ കൂടി ക്വട്ടേഷനിൽ ഉൾപെടുത്തണം.

## വൈവിധ്യവൽക്കരണം കൊണ്ടുവരാൻ ശ്രമിക്കണം

എക്കാലത്തും ഒരുപോലെ ശോഭിക്കുന്ന സംരംഭങ്ങൾ ഉണ്ടാകണമെന്നില്ല. ഒരു സംരംഭം തുടങ്ങിക്കഴിഞ്ഞാൽ വിപണിയിലെ മാറ്റത്തിനനുസരിച്ച് പുതിയ ഉൽപന്നങ്ങളെക്കുറിച്ച് ചിന്തിക്കണം. സ്ഥാപനം വിപുലീകരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും, വൈവിധ്യവൽക്കരിക്കുന്നതിനും വലിയ പരിഗണന നൽകണം. ഉൽപാദന, വിതരണ, വിപണന രീതികൾ എല്ലാംതന്നെ കാലഘട്ടത്തിനനുസരിച്ച് മാറണം. ഇതിന് സംരംഭകർ തയ്യാറാകണം. ഇതിന് ദേശീയ- അന്തർദേശീയ പ്രദർശന പരിപാടികളിൽ പങ്കെടുക്കുന്നത് വലിയ ഗുണം ചെയ്യും. ഇതിനായി കേന്ദ്രസർക്കാരിന്റെ സബ്സിഡി ആനുകൂല്യം പോലും ലഭ്യമാണ്. സർക്കാരിന്റേയോ, സർക്കാർ ഏജൻസികളുടെയോ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കുകൾ, ഷെഡുകൾ എന്നിവയിൽ

> എക്കാലത്തും ഒരുപോലെ ശോഭിക്കുന്ന സംരംഭങ്ങൾ ഉണ്ടാകണമെന്നില്ല. ഒരു സംരംഭം തുടങ്ങിക്കഴിഞ്ഞാൽ വിപണിയിലെ മാറ്റത്തിനനുസരിച്ച് പുതിയ ഉൽപന്നങ്ങളെക്കുറിച്ച് ചിന്തിക്കണം. സ്ഥാപനം വിപുലീകരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും, വൈവിധ്യവൽക്കരിക്കുന്നതിനും വലിയ പരിഗണന നൽകണം.

സംരംഭം മാറ്റാൻ കഴിഞ്ഞാൽ അതും വലിയ ഗുണകരമായിരിക്കും.

കേരളത്തിൽ മാറിയ സാഹചര്യത്തിൽ സൂക്ഷ്മ- ചെറുകിട വ്യവസായ രംഗത്ത് മികച്ച അവസരങ്ങളാണുള്ളത്. തിരിച്ചെത്തുന്ന മലയാളികൾ ഇക്കാര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ട് വേണം സംരംഭങ്ങൾ പ്ലാൻ ചെയ്യാൻ. തന്റെ മനസിലുള്ള ആശയത്തിന് ബിസിനസ് സാധ്യതയുണ്ടോ എന്ന് പരീക്ഷിക്കുന്നതിന് ടെക്നോളജി ഇൻകുബേഷൻ സെന്ററുകളുടെ സഹായവും തേടാവുന്നതാണ്. പ്രവാസികളുടെ സമ്പാദ്യവും, മനസും സംരംഭ വികസനത്തിന് കൂടി പര്യാപ്തമാവട്ടെ. ■

(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)





# കാർഷികവ്യവസായത്തിന് ഊന്നൽ നൽകി മൂല്യവർധിത കൃഷിമിഷൻ

**മനോജ് മാതിരപ്പള്ളി**

മൂല്യവർധിത ഉത്പന്ന നിർമ്മാണത്തിലൂടെ കാർഷിക മേഖലയിൽനിന്നുള്ള വരുമാനം വർധിപ്പിക്കാനും കർഷകർക്ക് പരമാവധി നേട്ടമുണ്ടാക്കാനുമുള്ള ശ്രമത്തിലാണ് കേരളം. ഏതൊരു കാർഷികോത്പന്നമായാലും വിളവെടുത്ത ശേഷം നേരിട്ടു വിൽപ്പന നടത്തുന്നതിനെ അപേക്ഷിച്ച് മൂല്യവർധിത ഉത്പന്നമാക്കി വിപണിയിൽ എത്തിച്ചാൽ മികച്ച സാമ്പത്തികനേട്ടം ഉണ്ടാകുമെന്നതുകൊണ്ടാണ് ഇത്തരമൊരു ശ്രമം. ഇതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരികയാണ്. അതിലൊന്നാണ് മൂല്യവർധിത കൃഷിമിഷൻ. ഫെബ്രുവരിയിൽ നടന്ന ഇത്തവണത്തെ വൈഗ കാർഷികമേളയുടെ പ്രധാനപ്പെട്ട ആശയം തന്നെ കാർഷികരംഗത്തെ മൂല്യവർധിത ശൃംഖലയുടെ വികസനം എന്നതായിരുന്നു. സംസ്ഥാനത്തിന്റെ കാർഷികമേഖലയിൽ 161 സ്റ്റാർട്ടപ്പുകളും നൂറിലധികം എഫ്പിഒകളും രൂപീകരിക്കാൻ കഴിഞ്ഞുവെന്നത് തന്നെ മൂല്യവർധിത ഉത്പന്നനിർമ്മാണം കൂടുതൽ കരുത്തുറ്റതാകും എന്നതിന്റെ ലക്ഷണങ്ങളാണ്.

കാർഷികോത്പന്നങ്ങൾ വിളവെടുക്കുന്ന രീതിയിൽ അധികദിവസം സൂക്ഷിച്ചുവെക്കാൻ കഴിയില്ലെന്നതാണ് ഈ മേഖല നേരിടുന്ന പ്രതിസന്ധിക്കുള്ള പ്രധാന കാരണം. ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ കോൾഡ് സ്റ്റോറേജുകളും സംഭരണകേന്ദ്രങ്ങളും റീഫർ വാനുകളുമെല്ലാം ആവശ്യമാണ്. ഇതിനകം തന്നെ സംസ്ഥാനത്ത് റഫ്രിജറേറ്റർ സൗകര്യമുള്ള 26 റീഫർ



വാനുകൾ പുറത്തിറക്കി കഴിഞ്ഞു. ഇത്തരത്തിലുള്ള സംവിധാനം വ്യാപിപ്പിക്കാനാണ് സർക്കാർ തീരുമാനം. ഓരോ മേഖലയ്ക്കും അനുയോജ്യമായ രീതിയിലുള്ള കോൾഡ് സ്റ്റോറേജുകളും സംഭരണകേന്ദ്രങ്ങളും റീഫർ വാനുകളുമായിരിക്കും കൊണ്ടുവരിക. ഉത്പന്നങ്ങൾ കൃത്യമായി സംഭരിക്കുകയും അത് സംസ്കരിച്ച് മൂല്യവർധിത ഉത്പന്നങ്ങൾ ആക്കുകയുമാണ് ലക്ഷ്യം. മുഖ്യമന്ത്രി പ്രഖ്യാപിച്ച നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി ആയിരം കൃഷിക്കൂട്ടങ്ങളെ സംഭരണ-സംസ്കരണത്തിന്റെ ഭാഗമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

## മൂല്യവർധിത കൃഷിമിഷൻ

കഴിഞ്ഞ സെപ്തംബറിൽ ചേർന്ന മന്ത്രിസഭായോഗത്തിലാണ് മൂല്യവർധിത കൃഷിമിഷൻ അഥവാ വാല്യു ആഡഡ് അഗ്രികൾച്ചറൽ മിഷൻ-വാം രൂപീകരിക്കാനുള്ള സർക്കാർ തീരുമാനം. ബ്രാൻഡിംഗിലൂടെയും ലേബലിംഗിലൂടെയും ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുക, കാർഷികോത്പാദന ക്ഷമതയും കർഷകരുടെ വരുമാനവും വർധിപ്പിക്കുക, വിപണനമേഖലയിലും മൂല്യവർധിത മേഖലയിലും കൂടുതൽ കർഷക പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയൊക്കെയാണ് മിഷന്റെ ലക്ഷ്യം. മുഖ്യമന്ത്രി അധ്യക്ഷനും കൃഷിമന്ത്രിയും വ്യവസായമന്ത്രിയും ഉപാധ്യക്ഷന്മാരും തദ്ദേശ സ്വയംഭരണം, സഹകരണം, ധനകാര്യം, ജലവിഭവം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വൈദ്യുതി, ഭക്ഷ്യം എന്നീ വകുപ്പുമന്ത്രിമാർ അംഗങ്ങളായുമുള്ള ഗവേണിംഗ് ബോഡിയാണ് മൂല്യവർധിത കൃഷി മിഷനുള്ളത്.

കാർഷികമേഖലയിലെ പ്രധാന നേട്ടങ്ങൾ, അവസരങ്ങൾ, പോരായ്മകൾ, നയം, വിപണി, സാങ്കേതികവശങ്ങൾ എന്നിവയെല്ലാം പരിഗണിച്ച് പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളിൽ മൂല്യവർധിത കൃഷിമിഷന്റെ (വാം) ഇടപെടലുണ്ടാവും. ഇതിന് ആവശ്യമായ ഗവേഷണപ്രവർത്തനങ്ങൾക്കുവേണ്ടി കോമൺ നോളഡ്ജ് പ്ലാറ്റ്ഫോം രൂപീകരിക്കും. കേരളത്തെ ഗൾഫിന്റെ അടുക്കളയായും മിഡിൽ ഈസ്റ്റ് രാജ്യങ്ങളുടെ ഫ്രൂട്ട് പ്ലേറ്റായും പരിഗണിച്ച് തനതായ ആഹാരവസ്തുക്കൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കാനും മിഷൻ ലക്ഷ്യമിടുന്നുണ്ട്. ഇതിനായി വ്യവസായവകുപ്പിന്റെയും നോർക്കയുടെയും സഹകരണവും തേടും. അനുയോജ്യമായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിലൂടെ മൂല്യവർധിത ഉത്പന്നനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അവയുടെ വിപണനശൃംഖല വികസിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായവും വാമിലൂടെ ലഭ്യമാക്കും. ഈ തുക ഉപയോഗിച്ച് പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായി വിപണിവികസനം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കാർഷികമേഖലയിൽ പരമാവധി മൂല്യവർധിത ഉത്പന്നനിർമ്മാണം നടത്തിയാൽ മാത്രമെ കൂടുതൽ വരുമാനം ഉണ്ടാവുകയും കൃഷി ലാഭകരമാവുകയും

ചെയ്യുകയുള്ളൂവെന്ന് മുൻപേ അറിയാം. എന്നാൽ കർഷകർ ആരും ഇതിന് തയ്യാറാവുന്നില്ലെന്ന പ്രതിസന്ധിയുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് ഈ രംഗത്തേക്ക് കർഷകരെ ആകർഷിക്കുന്നതിനായുള്ള പ്രത്യേക മിഷൻ തന്നെ രൂപീകരിക്കുന്നത്. ഈ രീതിയിൽ വിവിധയിനം പഴവർഗ്ഗങ്ങളെ കാൻഡി, പൾപ്പ്, ഹൽവ, സ്ക്വാഷ്, ജാം തുടങ്ങിയവയാക്കി മാറ്റാം. മാങ്ങയും നാരങ്ങയും നെല്ലിക്കയുമെല്ലാം വിവിധയിനം അച്ചാറുകളാക്കാം. ഇത്തരത്തിൽ ഓരോ കാർഷികോത്പന്നത്തെയും മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റാം. ഇവയ്ക്കെല്ലാം വിപണിയുണ്ടെന്ന് മാത്രമല്ല കൂടുതൽ വിലയും കിട്ടും.

## ബ്രാൻഡിംഗും വിപണിയും

മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന അറുപതിലധികം ഉത്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കഴിഞ്ഞു. 'കേരൾ അഗ്രോ' എന്ന ബ്രാൻഡ് പേരിൽ ആമസോണിലൂടെയും ഫ്ളിപ്പ്കാർട്ടിലൂടെയുമാണ് ഇവയുടെ വിപണനം. ഇതോടൊപ്പം വിവിധ സംരംഭകരുടെ ഉത്പന്നങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ വിപണിയിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം ഉത്പന്നങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. മാത്രവുമല്ല, മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനം കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കാൻ സംരംഭകർക്ക് പാക്കിംഗിന് ആവശ്യമായ പരിശീലനം നൽകുവാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി കൃഷിവകുപ്പ് ധാരണാപത്രവും ഒപ്പുവെച്ചിട്ടുണ്ട്. ഇത്തരത്തിൽ കേരളീയ ഉത്പന്നങ്ങൾക്ക് രാജ്യാന്തരവിപണിയിൽ കൂടുതൽ നേട്ടമുണ്ടാക്കുകയാണ് ലക്ഷ്യം.

മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണി വികസിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന അറുപതിലധികം ഉത്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കഴിഞ്ഞു. 'കേരൾ അഗ്രോ' എന്ന ബ്രാൻഡ് പേരിൽ ആമസോണിലൂടെയും ഫ്ളിപ്പ്കാർട്ടിലൂടെയുമാണ് ഇവയുടെ വിപണനം.

ഇവിടുത്തെ കാർഷികോത്പന്നങ്ങൾക്ക് വിപണിയിൽനിന്ന് ലഭിക്കുന്ന പ്രതികരണവും മികച്ചതാണ്. ഇത്തവണത്തെ വൈഗ മേളയോട് അനുബന്ധിച്ച് സംഘടിപ്പിച്ച ബിസിനസ് മീറ്റിൽ 39.76 കോടിരൂപയുടെ ഇൻഡന്റുകളാണ് ഒപ്പുവെച്ചത്. ഇതിൽ എണ്ണ ഉത്പന്നങ്ങൾ 1785.1 ലക്ഷം, സുഗന്ധവ്യഞ്ജനങ്ങൾ 998.39 ലക്ഷം, ധാന്യങ്ങളും ചെറുധാന്യങ്ങളും 105.47





ലക്ഷം, കിഴങ്ങുവർഗ്ഗങ്ങൾ 32.90 ലക്ഷം, കൂൺ ഉത്പന്നങ്ങൾ 28.50 ലക്ഷം, ഔഷധസസ്യങ്ങൾ 8.24 ലക്ഷം, കശുവണ്ടി ഉത്പന്നങ്ങൾ 7.85 ലക്ഷം എന്നിവ ഉൾപ്പെടും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കാർഷിക മൂല്യവർധിത ഉത്പന്നനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള 133 കർഷകരും സ്ഥാപനങ്ങളും കർഷകഗ്രൂപ്പുകളും മീറ്റിൽ പങ്കെടുത്തിരുന്നു. കേരളത്തിന് പുറമെ തമിഴ്നാട്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നുള്ള 90 സംരംഭകരും വ്യവസായികളും കയറ്റുമതിക്കാരും ബയേഴ്സായി എത്തി.

ഇതിനിടെ കേരളത്തിലെ കാർഷികോത്പാദനവും വിപണനവും ആധുനികവത്കരിക്കാനുള്ള ലോകബാങ്ക് പദ്ധതിക്ക് കേന്ദ്രധനമന്ത്രാലയത്തിന്റെ സാമ്പത്തികകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം അഞ്ചുവർഷത്തേക്ക് 1400 കോടിരൂപയാണ് ലോകബാങ്ക് വായ്പയായി നൽകുക. ഇതിനായി കേന്ദ്രസർക്കാരും കേരളവും ലോകബാങ്കും തമ്മിൽ കരാറിൽ ഏർപ്പെടും. പദ്ധതി നടപ്പാക്കുമ്പോൾ, കാർഷികോത്പന്നങ്ങളുടെ സംഭരണത്തിനും ലോകകമ്പോളത്തിലെ വിപണനത്തിനുമായി കെ-ബിസാഗ്രോ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുന്നതാണ്. ഈ കമ്പനിയായിരിക്കും ലോകബാങ്ക് പദ്ധതി നടത്തിപ്പിനുള്ള മുഖ്യഏജൻസി. സർക്കാർ, സർക്കാർ ഇതര ഏജൻസികൾ, സംരംഭകർ എന്നിവരുമായി സഹകരിച്ചാവും കമ്പനിയുടെ പ്രവർത്തനം. കാലാവസ്ഥാ മാറ്റത്തെ പ്രതിരോധിച്ച് കാർഷികോത്പന്നങ്ങളുടെ സംഭരണവും സംസ്കരണവും വിപണനവും ആധുനികവത്കരിക്കുക, ആധുനിക സംഭരണശാലകൾ, ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ ശൃംഖല തുടങ്ങിയവ സ്ഥാപിക്കുക എന്നിങ്ങനെ നിരവധി ലക്ഷ്യങ്ങൾ പദ്ധതിക്കുണ്ട്.

## എഫ്പിഒകളുടെ പ്രാധാന്യം

മൂല്യവർധിത ഉത്പന്നനിർമ്മാണത്തിലൂടെ കാർഷികമേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പി

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കാർഷിക മൂല്യവർധിത ഉത്പന്നനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള 133 കർഷകരും സ്ഥാപനങ്ങളും കർഷകഗ്രൂപ്പുകളും മീറ്റിൽ പങ്കെടുത്തിരുന്നു. കേരളത്തിന് പുറമെ തമിഴ്നാട്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നുള്ള 90 സംരംഭകരും വ്യവസായികളും കയറ്റുമതിക്കാരും ബയേഴ്സായി എത്തി.

ക്കുന്നതിനായി ദേശീയതലത്തിൽ രൂപീകരിക്കപ്പെട്ടവയാണ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്പിഒ) അഥവാ കാർഷികോത്പാദക കമ്പനികൾ. കർഷകരെ മാത്രം ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെയാണ് ഇത്തരം കമ്പനികൾക്ക് രൂപം നൽകുന്നത്. കുറഞ്ഞത് 15 കർഷകരെങ്കിലും അംഗങ്ങളായ കൂട്ടായ്മകൾക്ക് എഫ്പിഒകൾ ആരംഭിക്കാം. ഓരോ കമ്പനിയിലും പരമാവധി 400 കർഷകർക്ക് വരെ അംഗങ്ങൾ ആകാവുന്നതാണ്. നിലവിലുള്ള ഫാർമേഴ്സ് ക്ലബ്ബുകൾക്കും കർഷക സൊസൈറ്റികൾക്കും ഗ്രൂപ്പുകൾക്കുമെല്ലാം കാർഷികോത്പാദക കമ്പനികളായി മാറാം. ഏതെങ്കിലും ഒരു ജില്ലയിലെയോ ഗ്രാമത്തിലെയോ ബ്ലോക്കിലെയോ താലൂക്കിലെയോ കർഷകർക്ക് എഫ്പിഒയിൽ ഓഹരി ഉടമകളാകാവുന്നതാണ്.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായി രണ്ടായിരത്തഞ്ഞൂറോളം കാർഷികോത്പാദക കമ്പനികൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലുള്ള നിരവധി എഫ്പിഒകളും ഇതിൽ ഉൾപ്പെടും. ദേശീയതലത്തിൽ പത്തുലക്ഷത്തോളം കർഷകർ ഇത്തരം കമ്പനികളിൽ ഓഹരിഉട



> **രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതിക്കായി കേന്ദ്ര സർക്കാർ വകയിരുത്തുന്ന തുക യുടെ നിശ്ചിത ഭാഗമാണ് എഫ്പിഒകളുടെ രൂപീകരണ ത്തിനായുള്ള കേന്ദ്രവിഹിതം. ഇതോടൊപ്പം നബാർഡിന്റെ ബാങ്ക് വായ്പയും കർഷകരുടെ ഓഹരികളും കൂടിയാകുന്ന തോടെ കമ്പനിയുടെ രൂപീകര ണത്തിനുള്ള മൂലധനമാകുന്നു.**

മകളാണ്. ഓരോ മേഖലയിലെയും എഫ്പിഒകളിൽ അംഗങ്ങളായ കൃഷിക്കാരുടെ ഉത്പന്നങ്ങൾ സംഭ രിക്കുന്നതും സംസ്കരിച്ച് മൂല്യവർധിതമാക്കുന്നതും ആഭ്യന്തരവിപണിയിലും രാജ്യാന്തരകമ്പോളത്തിലും എത്തിക്കുന്നതും ഇത്തരം കമ്പനികളാണ്. അതു കൊണ്ടുതന്നെ ഫലപ്രദമായി പ്രവർത്തിക്കുന്ന എഫ്പിഒകളിലെ അംഗങ്ങൾക്ക് മികച്ച വരുമാനവും ലഭിക്കുന്നു. കേന്ദ്രസർക്കാരിന്റെ ഉത്പാദകനിക്ഷേപം ഉപയോഗിച്ചായിരുന്ന ദേശീയതലത്തിൽ എഫ്പിഒ കളുടെ തുടക്കം. നബാർഡിന്റെ വായ്പയും ഇവയ്ക്ക് ലഭിക്കുന്നുണ്ട്.

രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതി ക്കായി കേന്ദ്രസർക്കാർ വകയിരുത്തുന്ന തുകയുടെ നിശ്ചിത ഭാഗമാണ് എഫ്പിഒകളുടെ രൂപീകരണ ത്തിനായുള്ള കേന്ദ്രവിഹിതം. ഇതോടൊപ്പം നബാ ർഡിന്റെ ബാങ്ക് വായ്പയും കർഷകരുടെ ഓഹരി കളും കൂടിയാകുന്നതോടെ കമ്പനിയുടെ രൂപീകരണത്തിനുള്ള മൂലധനമാകുന്നു. മാത്രവുമല്ല, സംസ്ഥാന കൃഷിവകുപ്പുകളുടെയും മറ്റും നേതൃത്വ ത്തിൽ ആവശ്യമായ സാങ്കേതികസഹായവും ലഭ്യ മാക്കുന്നുണ്ട്. ഇതോടൊപ്പം കൂടുതൽ എഫ്പിഒകൾ രൂപീകരിക്കുന്നതിനുള്ള നടപടികളും വിവിധ സംസ്ഥാനങ്ങളിൽ പുരോഗമിക്കുകയാണ്. കേരള ത്തിൽ 50 പുതിയ എഫ്പിഒകൾ കൂടി ആരംഭിക്കു ന്നതിനും നിലവിലുള്ള കാർഷികോത്പാദക കമ്പ നികളിൽനിന്നും 50 എണ്ണത്തെ ശാക്തീ കരിക്കുന്നതിനും കേന്ദ്രസർക്കാർ നിർദ്ദേശം നൽകി യിരുന്നു.

ഓരോ ജില്ലയിലും കളക്ടർ ചെയർമാനായ കമ്മിറ്റിയാണ് എഫ്പിഒകളുടെ രൂപീകരണം സംബ ന്ധിച്ച തീരുമാനം എടുക്കുന്നത്. നബാർഡിന്റെയും കൃഷിവകുപ്പിന്റെയും മൃഗസംരക്ഷണവകുപ്പിന്റെയു മെല്ലാം പ്രതിനിധികൾ ഇതിൽ അംഗങ്ങളാണ്. ഉത്പ ന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർധിത ഉത്പന്നനിർമ്മാണം, ഇതിനെല്ലാം ആവശ്യമായ കൃത്യമായ ബിസിനസ് പ്ലാൻ എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണയുള്ള കൂട്ടായ്മകൾക്കാവും എഫ്പിഒകളുടെ രൂപീകരണത്തിന് അനുമതി ലഭി ക്കുക. ■


ജീവൻ ഫാമിലെ
പശുവിൻ പാലും
പാലുല്പന്നങ്ങളും
ജീവന്റെ മേന്മ, നാടിന്റെ നന്മ
GRAMEEN
JEEVAN®
MILK
JEEVAN
MILK
CURD
Milk
GHEE
Paneer
Curd
Feel the difference

# പാൽക്കായ നിർമ്മാണം



ഡോ. ബൈജു നെടുങ്കേരി

**സംരംഭകത്വ** വർഷാചരണം കേരളത്തിൽ പുതിയൊരു സംരംഭകത്വ സംസ്ക്കാരം രൂപപ്പെടുത്തി.ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ എന്ന ലക്ഷ്യം വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു. നിരവധി ആളുകൾ സ്ഥിരം തൊഴിലിനൊപ്പം ഒഴിവ് സമയം പ്രയോജനപ്പെടുത്തി ഗാർഹിക സംരംഭങ്ങൾ ആരംഭിക്കുകയും അധിക വരുമാനം നേടുകയും ചെയ്യുന്നു. തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ധാതാക്കളിലേക്കുള്ള മാറ്റം സുഗമമാക്കുന്ന ഇടപെടൽ കൂടിയാണിത്.കേരളത്തിൽ അവസരങ്ങളും വിപണിയും ഉണ്ടെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു.സംരംഭകത്വ വർഷാചരണത്തിലൂടെ പകർന്ന് കിട്ടിയ ഊർജ്ജം വരും വർഷങ്ങളിലും മുന്നോട്ട് കൊണ്ടുപോയാൽ കേരളം ഒരു ഉല്പാദന ഹബ്ബായി മാറും എന്നതിന് സംശയമില്ല.കേരളത്തിൽ വിപണിയുള്ളതും അന്യ സംസ്ഥാനക്കാർക്ക് നിർമ്മാണ കുത്തക ഉള്ളതുമായ ഉൽപ്പന്നമാണ് കായം



> ദഹന പക്രിയയെ സുഗമമാക്കുന്ന ഉൽപ്പന്നമാണ് പാൽക്കായം.ആയുർവേദ മരുന്ന് കമ്പനികൾ കുട്ടികൾക്കുള്ള ഉരമരുന്ന് തുടങ്ങിയവക്കെല്ലാം പാൽക്കായം ഉപയോഗിക്കുന്നു. പാൽക്കായം നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളെല്ലാം അന്യരാജ്യങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്.

## പാൽക്കായം

ദഹന പക്രിയയെ സുഗമമാക്കുന്ന ഉൽപ്പന്നമാണ് പാൽക്കായം.ആയുർവേദ മരുന്ന് കമ്പനികൾ കുട്ടികൾക്കുള്ള ഉരമരുന്ന് തുടങ്ങിയവക്കെല്ലാം പാൽക്കായം ഉപയോഗിക്കുന്നു.പാൽക്കായം നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളെല്ലാം അന്യരാജ്യങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. അഫ്ഗാനിസ്ഥാൻ, ഇറാൻ, നൈജീരിയ തുടങ്ങിയ രാജ്യങ്ങളാണ് കായത്തിന്റെ അസംസ്കൃത വസ്തുക്കളുടെ പ്രധാന ഉൽപാദകർ. തെക്കേ ഇന്ത്യയിൽ തമിഴ്നാടാണ് പാൽക്കായത്തിന്റെ പ്രധാന ഉൽപാദന കേന്ദ്രം. പരമ്പരാഗതമായി ഉപയോഗപ്പെടുത്തിയിരുന്ന കൂട്ടുകളാണ് പ്രധാനമായും ഇപ്പോഴും നിലവിലുള്ളത്.

## മാർക്കറ്റിങ്

ആയുർവേദ മരുന്ന് നിർമ്മാതാക്കൾ, ആയുർവേദ ഔഷധ ശാലകൾ, പച്ചമരുന്ന് കടകൾ, എന്നിവടങ്ങളിലെല്ലാം പാൽക്കായം വില്പനയുണ്ട്. വഴിയോരങ്ങളിൽ പാൽക്കായം വിൽപ്പന നടത്തുന്ന വണ്ടി കച്ചവടക്കാർക്കും നൽകാം. വിതരണക്കാരെ നിയമിച്ചും വിപണി പിടിക്കാം.



## നിർമ്മാണ രീതി

പാൽക്കായം നിർമ്മിക്കുന്ന അസംസ്കൃത വസ്തുക്കളെ പൊതുവേ അസഫോയിറ്റഡ കോമ്പൗണ്ട്സ് എന്നാണ് വിളിക്കുന്നത്. നിശ്ചിത അളവിൽ അസഫോയിറ്റഡ കോമ്പൗണ്ടുകളും ഗോതമ്പ് പൊടിയും ഗ്ലൂക്കോസ് പൗഡറും ചേർത്ത് മിക്സ് ചെയ്താണ് പാൽക്കായം നിർമ്മിക്കുന്നത്. 1 kg മുതൽ 20 g വരെയുള്ള കട്ടകളാക്കിയാണ് വിപണനത്തിന് എത്തിക്കുന്നത്.

## മൂലധന നിക്ഷേപം

| | | |
|---|---|---|
| മിക്സിംഗ് യന്ത്രം | – | 50000/ |
| ഇതര ചിലവുകൾ | – | 20000/ |
| ആകെ | | 70000/ |

## വരവ് ചിലവ് കണക്ക്

### 1) ചിലവ്

| | | |
|---|---|---|
| ഗോതമ്പ് പൊടി | – | 16.00 |
| ഗ്ലൂക്കോസ് | – | 80.00 |
| അസഫോയിറ്റഡ കോമ്പൗണ്ട് | – | 400.00 |
| വേതനം & ഇലക്ട്രിസിറ്റി | – | 60.00 |
| പാക്കിങ് | – | 40.00 |
| ആകെ | – | 596.00 |

### 2) വരവ്

| | | |
|---|---|---|
| 1 kg പാൽക്കായം | – | 1400.00 |

### 3) ലാഭം

| | | |
|---|---|---|
| 1400 –596 | = | 804 |

## സാങ്കേതിക വിദ്യ പരിശീലനം

പാൽക്കായം നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യ പരിശീലനം പിറവം അഗ്രോപാർക്കിൽ ലഭിക്കും.

ഫോൺ–0485–2999990

## ലൈസൻസ്

ഉദ്യം രജിസ്ട്രേഷൻ, ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ, പാക്കിങ് ലൈസൻസ്, ഗുഡ് സർവീസ് ടാക്സ് എന്നിവ നേടണം

## വായ്പ്പാ സബ്സിഡി

സംരംഭം ആരംഭിക്കുന്നതിന് സഹായിക്കുന്ന ഈടില്ലാത്ത നിരവധി വായ്പാ പദ്ധതികളുണ്ട്. വായ്പ നേടുന്നതിനും സബ്സിഡി ലഭിക്കുന്നതിനുമുള്ള സഹായങ്ങൾ വ്യവസായ വകുപ്പിൽ നിന്ന് നിന്ന് ലഭിക്കും.

# അവസരങ്ങളുടെ പെരുമഴ പെയ്ത് വിദ്യാർത്ഥി സംരംഭകത്വം





**ആഷിക്ക്. കെ പി**

**അവസരങ്ങളുടെ** പറുദീസയാണ് ഇന്ത്യ. അത്തരം സാധ്യത കളുടെ നേട്ടം കൊയ്തെടുക്കാനുള്ള വലിയ അവസരങ്ങളാണ് ഇന്ന് വിദ്യാർത്ഥി സംരംഭകത്വത്തിലൂടെ സംജാതമായി കൊണ്ടിരിക്കുന്നത്. ഒരു സ്റ്റാർട്ടപ്പ് സംസ്കാരം ഇന്ന് വിദ്യാലയങ്ങളിലും കലാലയങ്ങളിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളോടൊപ്പം മുഖ്യ സ്ഥാനത്ത് വന്നുകൊണ്ടിരിക്കുകയാണ്. ആദ്യകാലങ്ങളിൽ ഇത് നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള സ്ഥാപനങ്ങളിൽ മാത്രമാണെങ്കിൽ ഇന്ന് ഗ്രാമങ്ങളിലും ഏറെ പ്രാധാന്യത്തോടെ കൂടി ആരംഭിച്ചു കൊണ്ടിരിക്കുകയാണ്.

വിദ്യാർത്ഥി സംരംഭകത്വത്തിന് ഇന്ന് ഏറെ വലിയ മാനം കൈവന്നിട്ടുണ്ട് . അതിൻറെ പ്രധാനപ്പെട്ട കാരണങ്ങൾ

ഒന്നാമതായി വിദ്യാർത്ഥി സംരംഭകത്വത്തിന് കിട്ടിക്കൊണ്ടിരിക്കുന്ന പിന്തുണ തന്നെയാണ്. കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും സ്വകാര്യ നിക്ഷേപകരിലൂടെയും വിദ്യാർത്ഥി സംരംഭകത്വത്തിന് വിവിധ തലങ്ങളിൽ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഉദാഹരണത്തിന് അടൽ ഇന്നവേഷൻ മിഷന്റെ ആഭിമുഖ്യത്തിൽ

സാമ്പത്തിക സഹായം, മെന്ററിങ് , സാങ്കേതിക സഹായം തുടങ്ങിയവയൊക്കെ ത്വരിതഗതിയിൽ വിദ്യാർത്ഥികൾക്ക് എത്തിക്കുവാൻ കഴിയുന്നു. ബിസിനസ്സ് ഇൻക്യുബേഷൻ, മെന്ററിംഗ് തുടങ്ങിയ മൂന്നു അടിസ്ഥാന മേഖലകളിൽ അടൽ ഇന്നവേഷൻ മിഷൻ വിദ്യാർത്ഥികൾക്ക് ഏറെ സഹായകരമായി ഇന്ത്യയിലുടനീളം പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്റ്റാർട്ടപ്പ് ഇന്ത്യ മിഷൻ നികുതി ഇളവുകൾ, നിയമ നൂലാമാലകൾ നിന്നുള്ള സംരക്ഷണം സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കൽ തുടങ്ങി ഒരു സംരംഭം തുടങ്ങാനും മുന്നോട്ടുകൊണ്ടുപോകാനും സഹായിക്കുന്ന തരത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. അതേപോലെതന്നെ സ്വകാര്യമേഖലയിൽ ധാരാളം സ്ഥാപനങ്ങളും സംഘടനകളും വിദ്യാർത്ഥി സംരംഭകത്വത്തിന് നേതൃപരമായ പങ്ക് വഹിക്കുന്നുണ്ട്.

രണ്ടാമതായി വിദ്യാർത്ഥി സംരംഭകത്വത്തിന്റെ പ്രസക്തി വർദ്ധിച്ചുവരുന്ന വിപണന സാധ്യതയാണ്. ലോകത്തിലെ ഏറ്റവും വലിയ വിപണികളിൽ ഒന്നായി ഇന്ത്യ മാറിക്കഴിഞ്ഞു. ഏതു ഉത്പന്നവും നവീനവൽക്കരണവും ഗുണമേന്മയുള്ളതും മാറ്റങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലും ആണെങ്കിൽ വിപണി കണ്ടെത്താൻ പ്രയാസമില്ല എന്ന തരത്തിലേക്ക് ഇന്ന് ഇന്ത്യൻ വിപണി മാറിയിരിക്കുന്നു. ഇത് നവ സംരംഭകർക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥി സംരംഭകർക്ക് ഏറെ ഉന്മേഷം നൽകുന്നു. മധ്യവർഗ്ഗത്തിന്റെ വർദ്ധന വും വിദ്യാഭ്യാസ പുരോഗതിയും സാങ്കേതിക വിദ്യകളുടെ ത്വരിതഗതിയിലുള്ള വികാസവും സംരംഭങ്ങളുടെ കുതിപ്പിനെ ഏറെ മുന്നോട്ടു എത്തിച്ചിട്ടുണ്ട്. ഇത് വിദ്യാർത്ഥി സംരംഭകരെ സംബന്ധിച്ചിടത്തോളം വലിയ പ്രതീക്ഷയാണ് ന

**വിദ്യാർത്ഥി സംരംഭകത്വത്തിന്റെ പ്രസകതി വർദ്ധിച്ചുവരുന്ന വിപണന സാധ്യതയാണ്. ലോകത്തിലെ ഏറ്റവും വലിയ വിപണികളിൽ ഒന്നായി ഇന്ത്യ മാറിക്കഴിഞ്ഞു. ഏതു ഉത്പന്നവും നവീനവൽക്കരണവും ഗുണമേന്മയുള്ളതും മാറ്റങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലും ആണെങ്കിൽ വിപണി കണ്ടെത്താൻ പ്രയാസമില്ല എന്ന തരത്തിലേക്ക് ഇന്ന് ഇന്ത്യൻ വിപണി മാറിയിരിക്കുന്നു.**

ൽകിക്കൊണ്ടിരിക്കുന്നത്. ഏതു മേഖലയിലും വിദ്യാർഥി സംരംഭകർക്ക് വിപണന സാധ്യതയുണ്ട് എന്നതാണ് വസ്തുത. ആരോഗ്യം, കാർഷികം, ചെറുകിട വ്യവസായം, സേവനം, സാമ്പത്തിക - സാമൂഹ്യ മേഖല, മത്സ്യബന്ധന മേഖല, ഈ കൊമേഴ്സ് തുടങ്ങി വ്യത്യസ്തവും വൈവിധ്യവു മാർന്ന സംരംഭകത്വ സാധ്യതകളാണ് ഉൽപാദന മേഖലയിലും സേവന മേഖലയിലും വിദ്യാർഥി സംരംഭകർക്കായി ഉള്ളത്. നിലവിൽ ഈ മേഖലയി ലുള്ള വലിയ വിടവുകൾ മനസ്സിലാക്കുവാനും ആ വിടവുകൾ നികത്തുവാനുള്ള സംരംഭങ്ങൾ



തുടങ്ങുവാനും കഴിഞ്ഞാൽ വിദ്യാർഥി സംരംഭകത്വത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ വഴിത്തിരിവ് ആയി മാറും.

മൂന്നാമത്തെ അനുകൂല ഘടകം സാങ്കേതിക വിദ്യകളെ എളുപ്പം സ്വായത്തമാക്കൽ വിദ്യാർഥി സംരംഭകത്വത്തിന്റെ പ്രസക്തിയും വേഗതയും കൂട്ടുന്നു എന്നതാണ്. നാലാം വ്യാവസായിക വിപ്ലവത്തോടൊപ്പം മുന്നേറുന്ന നിർമ്മിത ബുദ്ധിയും ക്ലൗഡ് കമ്പ്യൂട്ടിംഗ് ടെക്നോളജിയും ഇൻർനെറ്റ് ഓഫ് തിങ്ങ്സ്, റിപ്പോർട്ടിംഗ്, റോബോട്ടിക്സ് തുടങ്ങിയ എല്ലാ സാങ്കേതിക വിദ്യകളും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം എളുപ്പം സായത്തമാക്കാനും അത് വളരെ പെട്ടെന്ന് തന്നെ സംരംഭകത്വമായി കൂട്ടിച്ചേർത്തുകൊണ്ട് ഉൽപാദന വിതരണ മേഖലയിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ട് മുന്നേറാൻ സഹായിക്കുകയും ചെയ്യുന്നു.

മറ്റൊന്ന് വിദ്യാർത്ഥി സംരംഭകത്വത്തിലൂടെ പുതുതലമുറയുടെ മനോഭാവം എളുപ്പത്തിൽ മാറ്റാൻ കഴിയുന്നു എന്നതാണ്. അറിവിനെ തിരിച്ചറിവാക്കി മാറ്റാനും അത് പ്രയോഗവൽക്കരിക്കുവാനും വളരെ ചെറുപ്പത്തിലെ സാധിക്കുന്നു എന്നുള്ളത് വളരെ പ്രതീക്ഷ നൽകുന്ന ഒന്നാണ്. വിദ്യാർത്ഥികൾ ആയിരിക്കുമ്പോൾ തന്നെ സ്വന്തം കഴിവും അറിവും ഉപയോഗിച്ച് ഒരു സംരംഭം കെട്ടിപ്പടുക്കുകയും അതിനുതകുന്ന രീതിയിൽ വിദ്യാഭ്യാസത്തോടൊപ്പം സംരംഭകത്വത്തെയും മുന്നോട്ട് നയിക്കുകയും ചെയ്യുമ്പോൾ വിപ്ലവകരമായ മാറ്റമാണ് അതിലൂടെ സംജാതമാകുന്നത്, പുതുതലമുറയെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ വിജയിച്ച യുവ സംരംഭകരുടെ ഒരു വലിയ നിര തന്നെ കാണാം . ഇത് വിദ്യാർത്ഥികൾക്ക് സംരംഭകത്വത്തിലേക്ക് മുന്നേറാനുള്ള പ്രചോദനമായി മാറുന്നു. ഓല എന്ന സ്ഥാപനത്തിൻറെ ഉടമയായ ഭവീഷ് അഗർവാൾ. ഓയോ എന്ന സംരംഭകത്വത്തിന്റെ ഉടമയായ നിധീഷ് അഗർവാൾ പേടിഎം ഉടമയായ വിജയ് ശേഖർ ശർമ്മ തുടങ്ങിയവരുടെ വിജയ കഥ വിദ്യാർത്ഥി സംരംഭകർക്ക് ഏറെ പ്രചോദനം നൽകുന്നതാണ്.

ഇന്ന് ഇന്ത്യയിൽ വിദ്യാർത്ഥി സംരംഭകരുടെ എണ്ണം വർധിച്ചുക്കൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ ജനസംഖ്യയുമായി താരതമ്യം ചെയ്ത് നോക്കുകയാണെങ്കിൽ ഇനിയും ഏറെ പ്രചാരം വിദ്യാർത്ഥി സംരംഭകത്വത്തിന് ലഭിക്കേണ്ടതുണ്ട് . മറ്റു ലോകരാഷ്ട്രങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ഇപ്പോഴും വിദ്യാർത്ഥി സംരംഭകത്വം അത്രയേറെ മുന്നോട്ടു പോയിട്ടില്ല. വിദ്യാർത്ഥി സംരംഭകത്വത്തിന്റെയും പരിശീലനത്തിന്റെയും കാര്യത്തിൽ 54 വികസിത വികസ്വര രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 49 ആം സ്ഥാനത്താണ് ഇപ്പോഴും ഉള്ളത് എന്ന് ഗ്ലോബൽ സംരംഭകത്വ മോണിറ്റർ സൂചിക






അടയാളപ്പെടുത്തുന്നു ബ്രിട്ടനും കാനഡയും അമേരിക്കയും ഇസ്രയേലും വിദ്യാർത്ഥി സംരംഭകത്വത്തിൽ ഏറെ മുന്നിൽ എത്തി നിൽക്കുന്നുണ്ട്. ഇവിടെയൊക്കെ മുഖ്യധാര വിദ്യാഭ്യാസത്തിനേക്കാൾ പ്രചാരവും പ്രാധാന്യവും സംരംഭകത്വ വിദ്യാഭ്യാസത്തിന് നൽകുന്നു എന്നത് കാണാവുന്നതാണ്. അതു തന്നെയാണ് ഇത്തരം രാജ്യങ്ങളിൽ വിദ്യാർഥി സംരംഭകത്വത്തിന് ഏറെ

പ്രചാരം ലഭിച്ചിട്ടുള്ളതിന്റെ കാരണവും. അതോടൊപ്പം വിദ്യാർത്ഥി സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്ന ധാരാളം ഏജൻസികളും ഇത്തരം രാജ്യങ്ങളിൽ ഉണ്ട്. ഈ വിടവ് നികത്താൻ ഇന്ത്യയും കിണഞ്ഞ് പരിശ്രമിക്കുന്നുണ്ട്. അടൽ ഇന്നവേഷൻ മിഷനിലൂടെയും സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതിയിലൂടെയും വലിയ ഒരു കുതിച്ചുചാട്ടത്തിന് ഇന്ത്യ തയ്യാറായി നിൽക്കുന്നു.

ഇന്ത്യയിലെ വിദ്യാർത്ഥി സംരംഭകത്വം ഇപ്പോഴും നേരിട്ടു കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ ഉണ്ട്. ഒന്ന് സാമ്പത്തിക പ്രശ്നം തന്നെയാണ്. ഏതൊരു സ്ഥാപനത്തിനും മൂലധനം അത്യന്താപേക്ഷിതമാണ്. സ്വാഭാവികമായും വിദ്യാർത്ഥികൾക്ക് മൂലധന സമാഹരണത്തിന് ഇന്നും സാധ്യതകൾ പരിമിതമാണ്. മുഖ്യധാരാ ബാങ്കുകളും സ്ഥാപനങ്ങളും പഴഞ്ചൻ ചിന്താഗതികൾ / നിയന്ത്രണങ്ങൾ / നിയമങ്ങൾ എന്നിവ മാറ്റാതെ മുന്നോട്ടു പോകാൻ പറ്റില്ല. ഇത് സ്വപ്നങ്ങളും ആഗ്രഹങ്ങളും ഉള്ള വലിയ അളവോളം വിദ്യാർഥികൾക്ക് അവരുടെ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ കഴിയാത്ത രീതിയിൽ തടസ്സമായി നിൽക്കുന്നു. ഇന്നവേഷൻ മിഷനിലൂടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും പ്രത്യേകിച്ച് കേരളം പോലെയുള്ള സംസ്ഥാനങ്ങളിലെ കേരള സ്റ്റാർട്ടപ്പ് മിഷൻ, കെ ഡിസ്ക്, ഇന്നവേഷൻ പ്രോഗ്രാം തുടങ്ങിയസ്ഥാപനങ്ങളിലൂടെയും വിദ്യാർത്ഥി സംരംഭകത്വത്തിന് സാമ്പത്തിക സഹായം നൽകാൻ സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

വിദ്യാർത്ഥി സംരംഭകത്വം നേരിടുന്ന രണ്ടാമത്തെ പ്രശ്നം മെന്റർഷിപ്പിന്റേതാണ്. മിക്ക സ്ഥാപനങ്ങളിലും ഇന്നും ശാസ്ത്രം, ഭാഷ, മാനവിക വിഷയങ്ങൾ, ഗണിതം തുടങ്ങിയവ പഠിപ്പിക്കുന്ന അധ്യാപകരും ലാബുകളും മാത്രമാണ് ഉള്ളത്. സംരംഭകത്വ വിദ്യാഭ്യാസത്തിനും സംരംഭകത്വ പരിശീലനത്തിനും ഒരു വിദ്യാർത്ഥിക്ക് ഒരു സംരംഭം തുടങ്ങുവാനുള്ള നൈപുണീ / പ്രായോഗിക സഹായങ്ങൾ നൽകുവാനും ഉള്ള ഒരു സംവിധാനവും മിക്ക സംസ്ഥാനങ്ങളിലും പൂർണ്ണ അർത്ഥത്തിൽ ഇല്ല. കേരളം പോലുള്ള സംസ്ഥാനങ്ങൾ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കു





ന്നതിന് ഈ അടുത്തകാലത്തായി ഒട്ടേറെ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഒരു സംരംഭം തുടങ്ങാനും ആദ്യത്തെ രണ്ടു വർഷം അതിന്റെ പ്രാരംഭ ദിശയിലും സംരംഭകൻ നേരിടുന്ന പല പ്രശ്നങ്ങളെയും ലഘൂകരിക്കാനും സഹായിക്കാനും മെന്റർമാരുടെ സേവനം ആവശ്യമാണ്.

ഫണ്ടിങ് ഏജൻസികളെ കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ, സഹായങ്ങൾ എന്നിവയുടെ ലഭ്യതയെക്കുറിച്ചും സാങ്കേതിക സഹായങ്ങളെക്കുറിച്ചും ഉള്ള അറിവില്ലായ്മ വിദ്യാർത്ഥി സംരംഭകരെ ഏറെ ബുദ്ധിമുട്ടിലാകുന്നുണ്ട്. ഒരു ഏകോപന ഏജൻസിയുടെ അഭാവം പലപ്പോഴും ഇവിടെ കാണുന്നുണ്ട് .

മൂന്നാമത്തെ വെല്ലുവിളികൾ നിയന്ത്രണ ഏജൻസികളുടെ ഭാഗത്തുനിന്നുള്ള പ്രശ്നങ്ങൾ ആണ്. നികുതി ഈടാക്കൽ, വിവിധ നിയമങ്ങൾ എന്നിവയൊക്കെ എല്ലാ വിദ്യാർത്ഥികൾക്കും അറിയണമെന്നില്ല. സ്വാഭാവികമായും ഈ അറിവില്ലായ്മ അവർക്ക് പ്രായോഗികതലത്തിൽ വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. നടപടിക്രമങ്ങളിലെ സങ്കീർണതയും നിയമ നൂലാമാലകളും നിയന്ത്രിത ഏജൻസികളുടെ സുതാര്യമല്ലാത്ത പ്രവർത്തനങ്ങളും പിന്തുണ സംവിധാനങ്ങളുടെ അഭാവവും വിദ്യാർഥി സംരംഭകത്വത്തിന് വലിയ വെല്ലുവിളികളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സുതാര്യവും ലളിതവുമായ നടപടിക്രമങ്ങൾ ആയിരിക്കണം വേണ്ടത്. പഠനത്തോടൊപ്പം നടത്തുന്ന സംരംഭകത്വത്തിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഉണ്ടാവില്ല എന്ന വിശ്വാസം വരണം.

മറ്റൊന്ന് മികച്ച നെറ്റ്‌വർക്കുകളുടെ അഭാവമാണ് ഫണ്ടിങ് ഏജൻസികളെ കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ, സഹായങ്ങൾ എന്നിവയുടെ ലഭ്യതയെക്കുറിച്ചും സാങ്കേതിക സഹായങ്ങളെക്കുറിച്ചും ഉള്ള അറിവില്ലായ്മ വിദ്യാർത്ഥി സംരംഭകരെ ഏറെ ബുദ്ധിമുട്ടിലാകുന്നുണ്ട്. ഒരു ഏകോപന ഏജൻസിയുടെ അഭാവം പലപ്പോഴും

ഇവിടെ കാണുന്നുണ്ട് . ഇത് പരിഹരിക്കുവാൻ എല്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ഒരു ഏകോപന ഏജൻസി പ്രവർത്തിക്കുകയും ആവശ്യമുള്ള സംരംഭകർക്ക് ആവശ്യമുള്ള സമയത്ത് സഹായം നൽകുകയും ചെയ്യുന്ന രീതിയിൽ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ആഭിമുഖ്യത്തിൽ സ്ഥാപനങ്ങൾ ഉയർന്നു വരികയും വേണ്ടതാണ്.

ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് സംരംഭം തുടങ്ങാൻ കഴിയും എന്നതാണ് വാസ്തവം. അതുകൊണ്ടാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ സംരംഭകത്വവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ഉൾപ്പെടുത്തിയത്. കേരളത്തിൽ YIP (യങ്ങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം) വിദ്യാർത്ഥികളിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കാനും അത്തരം ആശയങ്ങളെ സംരംഭമാക്കി മാറ്റാനുള്ള സൗകര്യങ്ങൾ ഒരുക്കാനും തുടങ്ങിയിട്ടുണ്ട്. കേരളാ സ്റ്റാർട്ടപ്പ് മിഷൻ ഇതിനു വേണ്ട പ്രോൽസാഹനങ്ങൾ ചെയ്തു വരുന്നു.

വളരെ എളുപ്പത്തിൽ തുടങ്ങാവുന്നതും വലിയ വിപണന സാധ്യതകളുള്ളതുമായ ധാരാളം സംരംഭങ്ങൾ ഉണ്ട്.

ചോക്ളേറ്റ്, കേക്ക്, ബൊട്ടീക്കുകൾ, ഫാം, വർണ്ണ പക്ഷികൾ, ഭക്ഷ്യ വിഭവങ്ങൾ, കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക്ക് ഇലക്ട്രിക്കൽ ഉൽപന്നങ്ങൾ എന്നിവയൊക്കെ 50,000 രൂപയിൽ താഴെ മൂലധനം മതി. പഞ്ചായത്തിന്റെ തനതു ഫണ്ട്, കേരള സ്റ്റാർട്ട് മിഷൻ വായ്പ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയുള്ള പലിശ രഹിത വായ്പ എന്നിവയൊക്കെ പ്രയോജനപ്പെടുത്താം.

വിദ്യാർത്ഥി സംരംഭകത്വത്തിന് സാധ്യതകൾ ഏറെയുണ്ട് നമ്മുടെ നാട്ടിൽ. സാങ്കേതിക മേഖല, വിദ്യാഭ്യാസ മേഖല, ഉത്പാദന മേഖല, സേവന മേഖല, ടൂറിസം ആരോഗ്യ മേഖല, ഭക്ഷ്യ വിഭവ മേഖല തുടങ്ങിയ എല്ലാ മേഖലകളിലും വിവര സാങ്കേതിക മേഖലയിലും വിദ്യാർഥി സംരംഭകർക്ക് അവസരങ്ങൾ ഏറെയാണ്. ഒരു നാടിന്റെ വളർച്ചയും വികസനവും പുരോഗതിയും ലക്ഷ്യമാക്കുന്നത് യുവത്വത്തിൻറെ ആത്മവിശ്വാസത്തിലും ആത്മധൈര്യത്തിലും കഠിനാധ്വാനത്തിലും ആണെന്ന തിരിച്ചറിവിലൂടെ വിദ്യാഭ്യാസ മേഖലയിൽ നവ സംരംഭകർക്ക് ഒട്ടേറെ പദ്ധതികളും പരിപാടി കളും ആവിഷ്കരിച്ച് ഓരോ കലാലയങ്ങളും നവ സംരംഭങ്ങളുടെ പുതിയ ഇടമായി നവ സംരംഭകരുടെ ആശയ സ്രോതസ്സായി മാറിയാൽ നമ്മുടെ രാജ്യം ലോകത്തിനുതന്നെ സംരംഭകത്വത്തിൽ മാതൃക യാവും എന്ന കാര്യത്തിൽ സംശയമില്ല. ■




# സാമൂഹ്യ സംരംഭകത്വം

**പി. എസ്. സുരേഷ് കുമാർ**

**അധികം** പരിചിതമല്ലാത്ത സംജ്ഞയെങ്കിലും കാലികമായി ഏറെ പ്രസക്തമായ ഒന്നാണ് സാമൂഹ്യസംരംഭകത്വം (Social Entrepreneurship). സാമൂഹിക പ്രശ്നങ്ങൾക്കുള്ള പരിഹാരം ആണ് സാമൂഹ്യസംരംഭകത്വം പ്രാവർത്തികമാക്കുന്നത്. സാമൂഹത്തിന്റെ വളർച്ചയോടൊപ്പം ലാഭം, കൂടുതൽലാഭം എന്നുള്ള സംരംഭകത്വരയാൽ കൂടുതൽ സാമൂഹചോദ്യങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. ഇതിൽ അവലംഭിക്കുന്ന അസ്വഭാവിക പ്രവണതകളും അതോടൊപ്പം പരിഹാരമാകാത്ത പ്രശ്നങ്ങളും വ്യക്തിയെ മാത്രമല്ല അയാൾ ഉൾപ്പെടുന്ന സാമൂഹത്തെ തന്നെ ആകെ ബാധിക്കും. സമൂഹത്തിന്റെ വളർച്ച, ഉയർച്ച എന്നതിന് സാമൂഹികസംരംഭകത്വവുമായുള്ള സന്തുലിതാവസ്ഥ ഒരു അനിവാര്യഘടകമാണ്.

സംരംഭകനെന്നു പറയുമ്പോൾ നഷ്ടസാധ്യത (Risk) നേരിടാൻ ത്രാണിയുള്ള വ്യക്തിയായിരിക്കും. സ്വയം മുതൽ മുടക്കിൽ സാമൂഹികപ്രശ്നങ്ങൾക്ക് പുത്തൻ സമ്പ്രദായങ്ങൾ ഉപയോഗിച്ച് ഏറ്റെടുക്കാൻ തയ്യാറുള്ള വ്യക്തിയായിരിക്കും സാമൂഹിക സംരംഭകൻ. ഇതിലൂടെ വ്യക്തിയുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുകയും മറ്റുള്ളവരുടെ പ്രശ്നങ്ങളോട് അനുഭാവപരമായി പ്രതികരിക്കുകയും അതിലൂടെ സമൂഹത്തിൽ ഗുണകരമായ മാറ്റം കൊണ്ടുവരുന്നതിനായി നിരന്തരം പരിശ്രമിക്കുയും ചെയ്യുന്നു.

ചില അനിവാര്യതകളാണ് സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നത്. അതേഗണത്തിൽ 2020 ൽ ലോകം സാക്ഷ്യം വഹിച്ച കോവിഡ് ഭീതി ഇതിന്റെ സാധ്യതയ്ക്കും ആവശ്യകതയ്ക്കും മുമ്പത്തേക്കാൾ നിമിത്തമായി. സാധാരണ സംരംഭകന്റെ അതേ അച്ചിൽ സൃഷ്ടിക്കപ്പെടുന്നവരെങ്കിലും സാമൂഹ്യസംരംഭകന്റെ സാമൂഹ്യപ്രസക്തി നാൾക്കു നാൾ ഏറിക്കൊണ്ടിരിക്കുന്നു. സാധാരണ സംരംഭകൻ പുതിയ മാർഗ്ഗങ്ങൾ, മേച്ചിൽപുറങ്ങൾ അന്വേഷിച്ച് ലാഭം വർദ്ധിക്കുമ്പോൾ സാമൂഹ്യസംരംഭകൻ അവസരങ്ങൾക്കൊപ്പം സാമൂഹ്യമൂല്യം ഉയർത്താൻ ശ്രദ്ധിക്കുന്നു.

സാമൂഹ്യപ്രശ്നങ്ങൾ എന്നുപറയുമ്പോൾ ദാരിദ്ര്യം,



തൊഴിലില്ലായ്മ, പട്ടിണി, പരിസ്ഥിതി നശീകരണം, അഴിമതി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. സാമൂഹ്യസംരംഭം അടിസ്ഥാനപരമായ ലാഭേതര സ്ഥാപനം (No profit organization) ആയിരിക്കും. അതിന്റെ പ്രയോജനം സമൂഹത്തിന്റെ മേൽതട്ടിലുള്ളവർക്ക് മാത്രമല്ല, കീഴ് നിലയിലുള്ളവർക്കും ലഭിക്കുന്നു.

സാമൂഹ്യസംരംഭങ്ങൾ പ്രസക്തമാകുന്നത്, നമ്മുടെ രാജ്യത്ത് ഇന്നും സാധാരണ ജന ജീവിതത്തെ ബാധിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾ

> ചില അനിവാര്യതകളാണ് സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നത്. അതേഗണത്തിൽ 2020 ൽ ലോകം സാക്ഷ്യം വഹിച്ച കോവിഡ് ഭീതി ഇതിന്റെ സാധ്യതയ്ക്കും ആവശ്യകതയ്ക്കും മുമ്പത്തേക്കാൾ നിമിത്തമായി. സാധാരണ സംരംഭകന്റെ അതേ അച്ചിൽ സൃഷ്ടിക്കപ്പെടുന്നവരെങ്കിലും സാമൂഹ്യസംരംഭകന്റെ സാമൂഹ്യപ്രസക്തി നാൾക്കു നാൾ ഏറിക്കൊണ്ടിരിക്കുന്നു.

നിലനിൽക്കുന്നതിനാലാണ്. പുതിയ സ്ഥിതിവിവര കണക്കുകൾ പ്രകാരം 17% ത്തോളം ജനവിഭാഗം ദാരിദ്രരേഖയ്ക്കു താഴെയാണ് സ്ഥിതി ചെയ്യുന്നത്. അതോടൊപ്പം രാജ്യത്തെ 10% പേരിൽ സമ്പത്തിന്റെ 70% വും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. അതിലുപരി അനേകം വൈവിദ്ധ്യവും വൈരുദ്ധ്യവും അതോടൊപ്പം ഭൂമിശാസ്ത്രപരമായ വ്യത്യസ്തതയും നിലനിൽക്കുന്നു. ആ നിലയ്ക്ക് നോക്കുമ്പോൾ സാമൂഹ്യസംരംഭങ്ങളുടെ കാലാനുസൃതമായ ഉന്നതി, സമൂഹത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും അനിവാര്യമാണ്.

സംരംഭകത്വത്തിന്റെ മൂശ ഇൻക്യുബേറ്ററുകളും ആക്സിലേറ്ററുകളുമാണെന്ന് കരുതപ്പെടുന്നു. ഇത് ഏതൊരു സംരംഭത്തിന്റെയും ആവശ്യഘടകമാണ്. അപക്വമായ ആശയങ്ങളും ആലോചനകളും വഴിയാംവണ്ണം പ്രയോഗത്തിലെത്തിക്കുവാനും അതിൽനിന്നും പ്രവർത്തന പന്ഥാവ് വിപുലികരി ക്കുവാനും (scale up) ഇവആവശ്യമായിവരുന്നു. പുതിയ ഇൻക്യുബേഷൻ മാർഗ്ഗങ്ങൾ കാലികമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഫണ്ടിംഗ്, മെന്ററിംഗ്, നെറ്റ് വർക്കിംഗ് എന്നീ രംഗങ്ങളിലെ ഹാൻഡ് ഹോൾഡിംഗ് സഹായം സാമൂഹ്യസംരംഭങ്ങളുടെ പ്രാരംഭദശകളിൽ ഒഴിച്ചുകൂടാനാവത്തതാണ്. സാങ്കേതികവിദ്യയിലും ഉൽപന്ന വൈവിദ്ധ്യത്തിലും നവീന മാതൃകകൾ കാലാനുസൃതമായി ഉണ്ടാകേ ണ്ടിയിരിക്കുന്നു. ഇതനുസരിച്ച് സംരംഭങ്ങൾക്ക് മുന്നേറാൻ കഴിയുന്നില്ലെങ്കിൽ അവയുടെ പ്രസക്തി



നഷ്ടപ്പെടുന്ന സാധ്യത ഉണ്ടാകാം. വിവര, വിനിമയ സാങ്കേതികവിദ്യയുടെ വർദ്ധിച്ച ഉപയോഗം നടപ്പാക്കാനായില്ലെങ്കിൽ അവയുടെ നിലനിൽപ് തന്നെ ചോദ്യം ചെയ്യപ്പെടാം. ഇന്നു പല പ്രമുഖ സ്ഥാപനങ്ങളിലും നിലനിൽക്കുന്ന ഇൻകുബേഷൻ സെന്ററുകൾ പുതിയ സംരഭകത്വത്തിനും ഉത്പന്ന വികാസത്തിനും വഴികാട്ടിയായി പ്രവർത്തിച്ചിട്ടുള്ളവയാണ്.

**സാമൂഹ്യസംരംഭങ്ങൾ നിലനിന്നുപോകേണ്ടതും അവ നിലനിൽക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വവുമാണ്. എന്നാൽ കാലികമായ മാറ്റങ്ങൾ ഇതിനെ രൂപാന്തരപ്പെടുത്തിയേക്കാം. അത്തരത്തിൽ രൂപാന്തരത്തിനുശേഷം അതിജീവിക്കാൻ ആവശ്യമായ പരിഷ്കരണം (modification) സാമൂഹ്യസംരംഭകൻ നടത്തേണ്ടതുണ്ട്.**

## നവീകരണം

സാമൂഹ്യസംരംഭങ്ങൾ നിലനിന്നുപോകേണ്ടതും അവ നിലനിൽക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വവുമാണ്. എന്നാൽ കാലികമായ മാറ്റങ്ങൾ ഇതിനെ രൂപാന്തരപ്പെടുത്തിയേക്കാം. അത്തരത്തിൽ രൂപാന്തരത്തിനുശേഷം അതിജീവിക്കാൻ ആവശ്യമായ പരിഷ്കരണം (modification) സാമൂഹ്യസംരംഭകൻ നടത്തേണ്ടതുണ്ട്. നിലനിൽക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ പരിഹരിച്ചുവെന്നു പറയുമ്പോഴും നാം അറിയാത്ത മറ്റുപല പ്രശ്നങ്ങളും ഉയർന്നു വരുന്നുണ്ട്. അതീജിവനത്തിനുള്ള എളുപ്പമായ പരിഹാരമാണ് നവീകരണം (Innovation). ഏതുതരത്തിലുള്ള മാറ്റവും നവീകരണമായി കരുതാം. സമയബന്ധിതമായി നവീകരിക്കാതൊന്നും യാതൊന്നിനും നിലനിൽക്കാനാകില്ല.

നമുക്ക് പരിചിതമായ hybrid engine നിലവിലെ എഞ്ചിനിൽ നിന്നും വ്യത്യസ്തമായി നവീകരിച്ച ഉൽപന്നമാണ്. അതുകൊണ്ടു തന്നെ പഴയതിൽ നിന്നും വ്യത്യസ്തമായ ഗുണഫലങ്ങളും ലഭിക്കുന്നു. ഇതിലൂടെ hydrocarbons പുറന്തള്ളലിന്റെ അളവു കുറക്കുവാനും ഫ്യുവലേജ് കൂട്ടുവാനും കഴിയുന്നു. ഹരിത ഊർജ്ജത്തിന്റെ സ്രോതസ്സായ സൗരോർജ്ജവും അവകൊണ്ടു പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രികളും സാമൂഹ്യസംരംഭകത്വത്തിന്റെ ഗുണഫലങ്ങളാണ്. ഇനിയും ഈ ദിശയിൽ

ബഹുദൂരം മുന്നേറുവാനുണ്ട്. ഫ്ളക്സി എഞ്ചിനുകളും ഇത്തരം നൂതന ഉൽപന്നങ്ങളാണ്. സാധാരണ പെട്രോളിനൊപ്പം താരതമ്യേന താപ മൂല്യം കുറവുള്ള (heating value) മെഥനോൾ അഥവാ എത്തനോൾ കൂട്ടിക്കലർത്തി സങ്കര ഇന്ധനങ്ങളാണ് ഇതിലുപയോഗിക്കുന്നത്. ഇതുമൂലം ഇന്ധനവിലയിൽ ഗണ്യമായ കുറവും എന്നാൽ എഞ്ചിൻ പ്രകടനത്തിൽ കാര്യമായ മാറ്റവും ഉണ്ടാകുന്നുമില്ല. ഫോസിൽ ഫ്യൂവലുകളെ ആശ്രയിച്ചു നിൽക്കുന്ന നമ്മുടേതുപോലുള്ള മൂന്നാം ലോകരാജ്യങ്ങൾക്ക് വലിയ ആശ്വാസമാണ് ഇത് നൽകുന്നത്. ഇതു സംബന്ധിച്ച കൂടുതൽ ഗവേഷണങ്ങളും ആ രീതിയിലേക്ക് രാജ്യം മാറി ചിന്തിക്കുന്നതായും നമുക്ക് കാണുവാൻ കഴിയും. നമ്മുടെ നാട്ടിലെ വ്യവസായ സമൂഹത്തിന്റെ (Industrial Cluster) സന്തതികളായ മാന്നാർ ഓടുപാത്രനിർമ്മാണവും മറയൂർ ശർക്കര നിർമ്മാണവുമൊക്കെ സാമൂഹ്യ സംരംഭങ്ങളുടെ ഉത്തമ മാതൃകകളാണ്. ആവശ്യമായ ഇടപെടൽ ഇവയുടെ വളർച്ചയ്ക്ക് യഥാസമയങ്ങളിൽ ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. സർക്കാരിന്റെ മാത്രം കൈതാങ്ങിൽ നിലനിർത്തുകയല്ല, മറിച്ച് സംരംഭമെന്ന നിലക്ക് എക്കാലവും സ്വയം നിലനിൽക്കാൻ പ്രാപ്തമാക്കുകയാണ് വേണ്ടത്. അതുപോലെ വ്യവസായ സഹകരണ സംഘങ്ങളും പുനരുജ്ജീകരണത്തിന്റെ പാതയിലാണ്. പ്രവർത്തനം നിലച്ചതോ പൂട്ടിപ്പോയതോ ആയ ആയിരത്തോളം സംഘങ്ങളുടെ പുന ക്രമീകരണങ്ങൾക്കായി 140 ലക്ഷം രൂപ ഈ വർഷത്തെ ബജറ്റിൽ വക കൊള്ളിച്ചിരിക്കുന്നു. നിലവിലുള്ളവ വിപുലീകരിച്ചോ വൈവിധ്യവൽകരിച്ചോ ആധുനീകരിച്ചോ നിലനിർത്തി കൊണ്ടുപോകുവാനുള്ള തന്ത്രമാണ് ആസൂത്രണം ചെയ്യേണ്ടത്. അതിനായി കൂടുതൽ ഫണ്ട് കണ്ടെത്തുവാനുള്ള സാഹചര്യം വകുപ്പ് ലക്ഷ്യമിടുന്നു. സാമൂഹ്യസംരഭക മേഖല കരുത്താർജ്ജിക്കുന്നതിലൂടെ പല സാമൂഹ്യപ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാനും കഴിയും. ■

## ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം, തിരുവനന്തപുരം

2022- 23 ലെ റ്റി. എം. ഡി. പി അപ്പാരൽ ട്രെയിനിംഗ് & എസ്. ഐ. വൈ. ബി. പ്രോഗ്രാം 15.02.2023-ാം തീയതി രാവിലെ 10.30 ന് ബഹു. ചിറയിൻകീഴ് നിയമസഭാംഗം വി. ശശി അവർകൾ ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അജിത്. എസ് അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിന് കിൻഫ്ര സി. ഇ. ഒ ജീവ ആനന്ദൻ സ്വാഗതം പറയുകയും അനിൽകുമാർ. കെ. ഒ കൃതജ്ഞത പ്രകാശിപ്പിച്ചു. ഷരത്ത്. വി. എസ്, മാനേജർ ജില്ലാ വ്യവസായകേന്ദ്രം, സുഷ. വി. ആർ, പ്രിൻസിപ്പൽ, കിൻഫ്ര അപ്പാരൽ പാർക്ക് എന്നിവർ ആശംസ അർപിച്ചു.

25 പേർ പങ്കെടുത്ത ട്രെയിനിംഗ് പ്രോഗ്രാം 13.03.2023 ന് സമാപിച്ചു.







# ഡി.ഡി. ബ്രിക്സ് & ടൈൽസ്

കിളിമല, നാലുകോടി പി.ഒ., ചങ്ങനാശ്ശേരി
**Ph : 9895244044, Mob : 9447844044**

**ഹോളോബ്രിക്സ്, സോളിഡ് ബ്രിക്സ്, ഇന്റർലോക് ടൈൽസ്**

*Best Compliments*
*from*

# KURIAN AND COMPANY

**Manarcad**

***Mob:9526267550***



# ടറഫ് കളിയിടങ്ങളിലെ ന്യൂജെൻ സംരംഭകർ



ഇന്ദു കെ പി

> തൃശൂർ ജില്ലയിൽ മാത്രം 100 ഓളം ടറഫുകൾ ഉണ്ടെന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നത്. വർദ്ധിച്ചുക്കൊണ്ടിരിക്കുന്ന നഗരവത്കരണത്തിന്റെ ഭാഗമായി കളിസ്ഥലങ്ങൾ നഷ്ടപ്പെടുമ്പോൾ ടറഫ് എന്ന ആശയത്തിന് സാധ്യതയേറുകയാണ്.

**കേരളത്തിലെ** മിക്ക ജില്ലകളിലും വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒരു കായിക സംരംഭമാണ് ടറഫ് അഥവ കൃത്രിമ പുൽമൈതാനങ്ങൾ. പകൽ സമയങ്ങളിൽ മാത്രം കളിക്കാവുന്ന പ്രകൃതിദത്തമായ വലിയ കളിസ്ഥലങ്ങൾക്ക് പകരം, രാത്രിയിലും കളിക്കാവുന്ന തരത്തിലുള്ള സംവിധാനങ്ങളാണ് ഈ ചെറു മൈതാനങ്ങളിൽ സജ്ജീകരിച്ചിട്ടുള്ളത്. പരിശീലനത്തിനും കായികക്ഷമത നിലനിർത്തുന്നതിനുമുള്ള വ്യായാമങ്ങൾക്കായും നിരവധി പേർ ഇത്തരം മൈതാനങ്ങളെ ഇന്ന് ആശ്രയിക്കുന്നുണ്ട്. ഓരോയിടങ്ങലിലും പലരീതിയിലാണ് ടറഫുകളുടെ ഉപയോഗത്തിന് പണം ഈടാക്കുന്നത്. അത് പ്രധാനമായും സൗകര്യങ്ങളെ കൂടി ആശ്രയിച്ചിരിക്കും. മണിക്കൂറിന് 100രൂപ മുതൽ വാങ്ങുന്നവരുണ്ട്. ഗ്രൂപ്പിനാകുമ്പോൾ ഇതിൽ ഇളവുകളുണ്ട്. ഒരു ടീമിന് പകൽ കളിക്കുവാൻ 800 രൂപയും (7പേർക്ക്) രാത്രിയാണെങ്കിൽ 1300 രൂപയും ചെലവാകും. ഒരുദിവസത്തെ ചെറു ഫുട്ബോൾ ടൂർണമെന്റുകളും ഇത്തരം കളിയിടങ്ങളിൽ സാധാരണമാകുന്നു. മണ്ണും പൊടിയുമാകാതെ, പരിക്കേൽക്കാതെ കളിക്കാം എന്ന ധൈര്യം കുട്ടികളുടെ രക്ഷിതാക്കളെ ഇങ്ങോട്ടു ആകർഷിക്കുന്നു.

തൃശൂർ ജില്ലയിൽ മാത്രം 100 ഓളം ടറഫുകൾ ഉണ്ടെന്നാണ് അനൗദ്യോഗിക കണക്കുകൾ പറയുന്നത്. വർദ്ധിച്ചുക്കൊണ്ടിരിക്കുന്ന നഗരവത്കരണത്തിന്റെ ഭാഗമായി കളിസ്ഥലങ്ങൾ നഷ്ടപ്പെടുമ്പോൾ ടറഫ് എന്ന ആശയത്തിന് സാധ്യതയേറുകയാണ്. പുല്ലുള്ള യഥാർത്ഥ കളിസ്ഥലങ്ങൾ നിർമ്മിക്കുക എന്നത് എല്ലായിടത്തും സുസാധ്യമായ കാര്യമല്ല. മാത്രമല്ല ഇത്തരം മൈതാനങ്ങളിൽ പുല്ലിന്റെ വളർച്ച ശരിയായ രീതിയിൽ നിലനിർത്തുന്നതിനും കൂടുതൽ കാലം ഉപയോഗിക്കുന്നതിനും സാധ്യമാകാതെ വരും. കളിസ്ഥലങ്ങൾ നിർബന്ധമാകുകയും അവ പൂർണമായും അപകടരഹിതമാകുകയും വേണമെന്ന ചിന്ത സമൂഹത്തിൽ ഇന്ന് വ്യാപകമാണ്. കൊയ്ത്തൊഴിഞ്ഞ കണ്ടങ്ങളെയും (പാടങ്ങൾ) പറമ്പുകളെയും കളിസ്ഥലമാക്കിയിരുന്ന കൗമാരങ്ങൾ പലരും ന്യൂജെൻ ഇടങ്ങളെ സ്വീകരിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് ഫുട്ബോൾ പ്രേമികൾ ഏറെയുള്ള മലപ്പുറം കോഴിക്കോട് ജില്ലകളിലാണ് ടറഫുകൾ കൂടുതലുള്ളത്.

1960 കളുടെ തുടക്കം മുതൽ തന്നെ ലോകത്തിന്റെ പലഭാഗങ്ങളിലും കൃത്രിമ ടറഫുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. 1966 ൽ ടെക്സാസിലെ




ഹ്യൂസ്റ്റണിൽ ആസ്ട്രോ ടറഫ് സ്ഥാപിച്ചതോടെ ഇത് വളരെ പ്രസിദ്ധമാവാൻ തുടങ്ങി. 1970കളിൽ യു എസ്, കാനഡ എന്നിവിടങ്ങളിലെല്ലാം ടറഫുകൾ വ്യാപകമായി. വ്യവസായ ഗ്രൂപ്പായ സിന്തറ്റിക് ടർഫ്കൗൺസിലിന്റെ കണക്കനുസരിച്ച് 2013 ൽ മാത്രം യു.എസിൽ 1200 ലധികം ടറഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൃത്രിമ നാരുകളുടെ ഉപരിതലമുള്ള ഒരു കളിസ്ഥലമാണ് ടറഫ്. പുല്ലിൽ കളിക്കാവുന്ന എല്ലാ കായിക വിനോദങ്ങൾക്കും ഇത്തരം മൈതാനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ഫുട്ബോൾ കളിക്ക് തന്നെയാണ് കൂടുതലായും ഉപയോഗിക്കുന്നത്. മഴയെയും വെയിലിനെയും ഒരുപോലെ പ്രതിരോധിക്കാൻ സാധിക്കും എന്നതാണ് ഈ കൃത്രിമ പുൽമൈതാനത്തിന്റെ സവിശേഷത. ഫൈവ്സ്, സെവൻസ്, ഇലവൻസ് എന്നിങ്ങനെ കളിക്കാരുടെ വിന്യാസം അനുസരിച്ചാണ് ററഫുകൾ നിർമ്മിക്കുന്നത്. ഫൈവ്സ് കളിക്കാനുതകുന്ന രീതിയിലുള്ള ഒരു ടറഫ് നിർമ്മിക്കുന്നതിന് ഏകദേശം 40 സെന്റ് സ്ഥലം ആവശ്യമാണ്. ഇതു അംഗീകൃതമായ രീതിയിൽ നിർമ്മിക്കുന്നതിന് ഏകദേശം 35 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ടെന്ന് സംരംഭകർ പറയുന്നു.

ടറഫ് മൈതാനം ഒരുക്കുന്നതിന് സ്ഥലം നിരപ്പാക്കി ലെവൽചെയ്യുക എന്നതാണ് ആദ്യ പടി. അതിനു ശേഷം മുകളിൽ മെറ്റൽ വിരിച്ച് വീണ്ടും ലെവൽ ചെയ്യുന്നു. മുകളിൽ ഗ്രാസ്സ് മാറ്റ് പശ ഉപയോഗിച്ച് ഒട്ടിക്കുന്നു. സ്ഥലങ്ങളുടെ ലഭ്യതയനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടാവാം. കൃത്യമായ ഡ്രെയ്നേജ് സംവിധാനം ചുറ്റും ഒരുക്കേണ്ടതാണ്. മഴ വെള്ളം വലിച്ചെടുക്കുന്നതിന് കൃത്രിമ മൈതാനത്തിന് സാധിക്കാത്തതിനാൽ ഇത് അത്യാവശ്യമാണ്. ഗ്രിപ്പ് ലഭിക്കുന്നതിനും പുല്ല് ഒടിഞ്ഞു പോവാതിരിക്കുന്നതിനും പുല്ലിനിടയിൽ സിലിക്കൺ സാന്റും റബ്ബർ ഗ്രാന്യൂൾസും വിതറുന്നു. മൈതാനത്തിനു ചുറ്റും മുകൾ വശവും നെറ്റ് കൊണ്ട് അനാവരണം ചെയ്യേണ്ടതാണ്. കൃത്യമായ വൈദ്യുതിയും ലഭ്യമാക്കണം. മൈതാനത്തോട് ചേർന്ന് വിശ്രമമുറിയും ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും വ്യവസായിക ആവശ്യത്തിനായുള്ള ബിൽഡിംഗ് പെർമിഷനാണ് ഇതിനായി വേണ്ടത്.

2020 ൽ ഒമ്പതു പേർ ചേർന്ന് ഹെയ്നെസ് എന്ന പേരിൽ തൃശൂർ കൊക്കാലയിൽ ആരംഭിച്ച ടറഫ് മികച്ച രീതിയിൽ ഇന്നും പ്രവർത്തിക്കുന്നുണ്ട്. ചെറിയ കുട്ടികൾ ഉൾപ്പെടെ മുതിർന്നവർക്കും വിദഗ്ധർ ഇവിടെ ഫുട്ബോൾ പരിശീലനം നൽകുന്നു. രണ്ട് ഫൈവ്സ് കളിക്കാവുന്ന രീതിയിലാണ് ഈ കോർട്ട് നിർമ്മിച്ചിരിക്കുന്നത്. ഫിഫ അംഗീകരിച്ച എല്ലാ മാനദണ്ഡങ്ങളും പാലിച്ച് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചാണ് ടറഫ് നിർമ്മിച്ചിരിക്കുന്നതെന്ന് സംരംഭകർ പറയുന്നു. ഇത്തരം സംരംഭങ്ങൾ ഉടമയ്ക്ക് മാത്രമല്ല മറ്റു കുറച്ച് പേർക്കു കൂടി തൊഴിൽ നൽകാനുതകുന്നു. ടറഫുകളോട് ചേർന്ന് ആധുനിക രീതിയിലുള്ള കഫറ്റേരിയകളും ജിംനേഷ്യങ്ങളുമെല്ലാം കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതാണ്. ഇത്തരം നൂതന സംരംഭങ്ങൾക്ക് സർക്കാരിൽ നിന്നും കൂടുതൽ സഹായങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്ന് ഹെയ്നസ് ടറഫ് സംരംഭകരിൽ ഒരാളായ ജീവൻ പറഞ്ഞു. ■




## ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണം

# വിജയക്കുതിപ്പുമായി ഭാരത് എഞ്ചിനീയറിംഗ്

ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണ രംഗത്ത് രാജ്യത്ത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കമ്പനിയാണ് കേരളം ആസ്ഥാനമായുള്ള ഭാരത് എഞ്ചിനീയറിംഗ്. റെസിഡൻഷ്യൽ, കോമേഴ്സ്യൽ പ്രൊജക്റ്റുകൾക്ക് വേണ്ടി ഏറ്റവും മികച്ച ഗുണമേൻമയിൽ ഇലക്ട്രിക്കൽ പാനൽ ബോർഡുകൾ നിർമ്മിച്ച് നൽകുന്നതിലൂടെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ ഈ മേഖലയിൽ ആധിപത്യം പുലർത്താൻ ഭാരത് എഞ്ചിനീയറിംഗിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലുമുള്ള പ്രമുഖ സർക്കാർ- സ്വകാര്യ കമ്പനികൾ ഭാരത് എഞ്ചിനീയറിംഗിന്റെ സ്ഥിരം ഉപഭോക്താക്കളാണെന്നത് കമ്പനിയുടെ വിശ്വാസ്യതയുടെയും ഉത്പന്നത്തിന്റെ ഗുണമേൻമയുടെയും സാക്ഷ്യപത്രമാകുകയാണ്

കൊച്ചിൻ ഷിപ്പ്‌യാർഡ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, അടിസ്ഥാന സൗകര്യ നിർമ്മാണ മേഖലയിൽ കേരളത്തിലെ ഏറ്റവും പ്രമുഖ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി തുടങ്ങി രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി പ്രമുഖ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും ഭാരത് എഞ്ചിനീയറിംഗ് നേരിട്ട് ഇലക്ട്രിക്കൽ പാനൽ

ബോർഡുകൾ നിർമ്മിച്ചു നൽകുന്നു. ഇതിനു പുറമെ ഐ.എസ്.ആർ.ഒ, എൻ.ടി.പി.സി തുടങ്ങി കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള രാജ്യത്തെ വൻകിട സ്ഥാപനങ്ങൾക്ക് വേണ്ടി അവരുടെ വെൻഡർമാർ മുഖേന ഇലക്ട്രിക്കൽ പാനൽ ബോർ ഡുകൾ വിതരണം നടത്തുന്നു, യു.എ.ഇ, സൗദി അറേബ്യ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലേക്കും ഭാരത് എഞ്ചിനീയറിംഗ് അവരുടെ ഉത്പന്നങ്ങൾ സ്ഥിരമായി കയറ്റി അയക്കുന്നുണ്ട്.

ഇലക്ട്രിക്കൽ പാനൽ ബോർഡുകൾ ഏറ്റവും മികച്ച ഗുണമേന്മയിൽ നിർമ്മിക്കാൻ സാധിക്കുന്നു വെന്നതാണ് ഭാരത് എഞ്ചിനീയറിംഗിനെ വേറിട്ട് നിർത്തുന്നത്. ഇതിന് തെളിവായി ഐ.എസ്.ഒ 2015 അടക്കമുള്ള ഗുണമേന്മാ സർട്ടിഫിക്കറ്റുകൾ കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ഉത്പന്നങ്ങൾക്ക് ന്യൂന തകളില്ലാത്ത രീതിയിലും പരിസ്ഥിതിക്ക് യാതൊരു കോട്ടവും തട്ടാത്ത രീതിയിലും ഉത്പാദനം ന ടത്തുന്ന മൈക്രോ, സ്മോൾ ആൻഡ് മീഡിയം വ്യവസായ സംരംഭങ്ങൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ 2022 ലെ സെഡ് (ZED) സർട്ടിഫി ക്കറ്റിന് ഭാരത് എഞ്ചിനീയറിംഗ് അർഹരായിട്ടുണ്ട്. കേരളത്തിൽ ഏഴ് സംരംഭങ്ങൾക്ക് മാത്രമേ ഇതുവരെ സെഡ് (ZED) സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടു ള്ളൂവെന്നറിയുമ്പോഴാണ് ഉത്പന്നത്തിന്റെ ഗുണമേൻമയിലും അതിനെ പരിസ്ഥിതി സൗഹൃദമാക്കുന്നതിലും ഭാരത് എഞ്ചിനീയറിംഗ് എത്രമാത്രം ശ്രദ്ധ പുലർത്തുന്നുന്നെ കാര്യം വ്യക്തമാകുന്നത്. ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണ രംഗത്ത് സെഡ് (ZED) സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആദ്യത്തെ കമ്പനിയാണ് ഭാരത് എഞ്ചിനീയറിംഗ് എന്നതും എടുത്തു പറയേണ്ട പ്രത്യേകതയാണ്.

ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നടക്കം ഒന്നര പതിറ്റാണ്ടിലേറെ കാലത്തെ അനുഭവ സമ്പത്തുള്ള ദീപേഷ് മൂത്തേടത്തിന്റെ നേ തൃത്വത്തിലുള്ള ടീമാണ് 2016 ൽ ഭാരത് എഞ്ചിനീയറിംഗ് കമ്പനിക്ക് രൂപം നൽകിയത്. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ ഈ മേഖലയിലെ ശക്തമായ സാന്നിധ്യമായി വളരാൻ കമ്പനിക്ക് കഴിഞ്ഞു. കമ്പനിയിലെ പങ്കാളി കൂടിയായ മധു തേലക്കാടാണ് ടെക്നിക്കൽ ഡയറക്ടർ.

**ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണ ത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നടക്കം ഒന്നര പതിറ്റാണ്ടിലേറെ കാലത്തെ അനുഭവ സമ്പത്തുള്ള ദീപേഷ് മൂത്തേടത്തിന്റെ നേതൃത്വത്തിലുള്ള ടീമാണ് 2016 ൽ ഭാരത് എഞ്ചിനീയറിംഗ് കമ്പനിക്ക് രൂപം നൽകിയത്.**







> ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണത്തിന് ഏറ്റവും ആധുനികമായ ടെക്നോളജിയെ അടിസ്ഥാന മാക്കിയുള്ള സംവിധാനങ്ങളാണ് കോഴിക്കോട് വെങ്ങാലിയിൽ 10,000 ചതുരശ്ര അടിയിലേറെ വിസ്തീർണ്ണമുള്ള കമ്പനിയുടെ ഫാക്ടറിയിൽ സജ്ജമാക്കിയിട്ടുള്ളത്.

ഗുണമേൻമയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്തതാണ് കമ്പനിയുടെ വിജയത്തിന്റെ രഹസ്യമെന്ന് ഭാരത് എഞ്ചിനീയറിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ ദീപേഷ് മൂത്തേടത്ത് പറയുന്നു. 'വളരെ ചുരുങ്ങിയ കാലം കൊണ്ട് തന്നെ ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണ മേഖലയിലെ ശക്തമായ സാന്നിധ്യമാകാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താക്കൾ തങ്ങളിലർപ്പിച്ച വിശ്വാസത്തിലൂടെയാണ് ഇത് സാധ്യമായത്. പൊതു മേഖലയിലേതടക്കം ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിലെയും പല വൻകിട കമ്പനികളും തങ്ങളുടെ ഉത്പന്നങ്ങളിൽ പൂർണ്ണ വിശ്വാസമർപ്പിക്കുന്നുവെന്നത് ഞങ്ങളുടെ മുന്നോട്ടുള്ള കുതിപ്പിന് വലിയ ഊർജ്ജം പകരുന്നുണ്ട്. ഈ മേഖലയിൽ രാജ്യത്തെ ഏറ്റവും മികച്ച കമ്പനിയായി മാറുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം. അതിനനുസരിച്ചുള്ള വികസന പ്രവർത്തനങ്ങളും സാങ്കേതിക ഉന്നമനവുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കൂടുതൽ വിദേശ രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയും സമീപഭാവിയിൽ തന്നെ ലക്ഷ്യമിടുന്നുണ്ട്' ദീപേഷ് മൂത്തേടത്ത് പറഞ്ഞു.

ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ നിർമ്മാണത്തിന് ഏറ്റവും ആധുനികമായ ടെക്നോളജിയെ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങളാണ് കോഴിക്കോട് വെങ്ങാലിയിൽ 10,000 ചതുരശ്ര അടിയിലേറെ വിസ്തീർണ്ണമുള്ള കമ്പനിയുടെ ഫാക്ടറിയിൽ സജ്ജമാക്കിയിട്ടുള്ളത്. കഴിഞ്ഞ നാല് വർഷത്തിലധികമായി റിട്ടൽ (Rittal) എന്ന ജർമ്മൻ കമ്പനിയുമായി സഹകരിച്ചുകൊണ്ടാണ് ഭാരത് എഞ്ചിനീയറിംഗ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം, ബാംഗ്ലൂർ എന്നിവിടങ്ങളിലും കമ്പനിക്ക് ബ്രാഞ്ചുകളുണ്ട്.

വിൽപനാന്തര സേവനങ്ങളിലും കമ്പനി വലിയ മികവ് പുലർത്തുന്നുണ്ട്. ഇലക്ട്രിക്കൽ പാനൽ ബോർഡുകളുടെ സർവ്വീസിനായി സ്വന്തമായി ഒരു സർവ്വീസ് ടീമിനെ വളർത്തിയെടുക്കാൻ കഴിഞ്ഞുവെന്നതാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് കമ്പനികളിൽ നിന്ന് ഭാരത് എഞ്ചിനീയറിംഗിനെ വ്യത്യസ്തമാക്കുന്നത്. കമ്പനിയുടെ സ്വന്തം ഉത്പന്നങ്ങൾക്ക് പുറമെ മറ്റ് കമ്പനികളുടെ ഉത്പന്നങ്ങൾക്കും സർവ്വീസ് നൽകി വരുന്നുണ്ട്. ദീപേഷ് മൂത്തേടത്തും സുഹൃത്തുക്കളും കഠിനാധ്വാനത്തിലൂടെ നേടിയെടുത്ത വിജയമാണിത്. അതിനെ കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ■

# 1071 കോടി രൂപയുടെ വ്യവസായ നിക്ഷേപം ഉറപ്പാക്കി

## നിക്ഷേപക സംഗമം അവസാനിച്ചു

വ്യവസായ വാണിജ്യ വകുപ്പ് കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി 02/ 03/ 2023 വ്യാഴാഴ്ച നിക്ഷേപ സംഗമം സംഘടിപ്പിച്ചു ഹൈലൈറ്റ് മാൾ ബിസിനസ് പാർക്കിലെ വിക്ടോറിയ ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ശാരുതി പി അധ്യക്ഷത വഹിച്ചു വികെസി ഗ്രൂപ്പിൻറെ ഫൗണ്ടറും മുൻ എംഎൽഎയും ആയിട്ടുള്ള ശ്രീ വി കെ സി മുഹമ്മദ് കോയ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പഴയ തലമുറയിലെ സംരംഭകർ നേരിട്ട നിയമങ്ങളുടെ വെല്ലുവിളികൾ ഇപ്പോൾ ഇല്ലെന്ന് അദ്ദേഹം പറഞ്ഞു. വിവിധ നിയമനിർമാണങ്ങളിലൂടെ സർക്കാർ കേരളത്തെ സംരംഭക സൗഹൃദമാക്കുകയാണെന്നും പരാതികളിൽ സാങ്കേതികമായി പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതിന് പകരം പഞ്ചായത്തുകൾ സ്റ്റോപ്പ് മെമ്മോ നൽകുന്ന രീതി അവസാനിപ്പിച്ച് സംരംഭകർക്ക് നിയമപരമായ പരിരക്ഷണം നൽകുന്നതുൾപ്പെടെ ഒട്ടേറെ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കി വരുന്നതെന്ന് അദ്ദേഹം പറഞ്ഞു. നാലാം വ്യവസായ വിപ്ലവത്തിന്റെ വിപുലമായ സാധ്യതകൾ വിനിയോഗിക്കുന്നതിന് ലക്ഷ്യം വെച്ചു കൊണ്ടുള്ള വ്യവസായ നയം സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ട്. പുതു തലമുറ സംരംഭങ്ങളെ വികസിപ്പിക്കുന്ന പദ്ധതികൾ ഉണ്ട് . മെയ്ഡ് ഇൻ കേരള എന്ന നിലയിൽ കേരള ബ്രാൻഡ് രൂപീകരിക്കുന്നു. വ്യവസായ ഭൂമി സംരംഭകർക്ക് ലഭിക്കുന്നതിനായി ലാൻഡ് ബാങ്ക് തയ്യാറാക്കുന്നു. ഈ അനുകൂല സാഹചര്യങ്ങളിൽ ധാരാളം സംരംഭകർ ഈ മേഖലയിലേക്ക് കടന്നുവരുന്നതായി അദ്ദേഹം പറഞ്ഞു. പരിപാടിയിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ ബിജു പി അബ്രഹാം സ്വാഗതം പറയുകയും ശ്രീ ഗിരീഷ് ഐ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം ശ്രീ മുരളീധരൻ ടി എം ലീഡ് ബാങ്ക് മാനേജർ ശ്രീമതി സലീന കെ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം ശ്രീ ബാലരാജൻ എം.കെ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം എന്നിവർ സംസാരിച്ചു ബാങ്കുകൾ ,ലൈസൻസിംഗ് വകുപ്പുകളുടെ ജില്ലാ മേധാവികൾ, കെഎസ്ഐഡിസി , കെഎഫ്സി എന്നിവർ നിക്ഷേപകരുമായി ചർച്ചയിൽ പങ്കെടുത്തു. നിക്ഷേപ സംഗമത്തിൽ 76 നിക്ഷേപകർ ഉൾപ്പെടെ 120 പേർ പങ്കെടുക്കുകയും 1071 കോടി രൂപയുടെ നിക്ഷേപത്തിനായി ജില്ലാ വ്യവസായ കേന്ദ്രവുമായി ധാരണ പത്രം ഒപ്പിടുകയും ചെയ്തു. 3200 പേർക്ക് തൊഴിൽ അവസരങ്ങൾ ഇതിലൂടെ സൃഷ്ടിക്കപ്പെടും. ■



Volume 55 Issue 7
April 2023

Vyavasaya Keralam
MONTHLY

₹ 30
Date of publication-
2nd April 2023

St. Mathews
Bricks & Tiles
( Manufacturer of High-Tech Solid Bricks & Tiles )

Anthyalam, Payappar (PO)
Pala, Kottayam - 686651

Mobile: 9447567927, 8086660807

GREEN BUILDING
CENTRE

Supported By
ACC
cement




Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.